# ഗണിതം

## സ്റ്റാൻഡേർഡ് III

**ഭാഗം - 1**

കേരളസർക്കാർ
വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 75-1/MATHS -3(M) Vol- 1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം – 695 012, കേരളം

വെബ് സൈറ്റ് : www.scertkerala.gov.in
ഇ–മെയിൽ : scertkerala@gmail.com
ഫോൺ : 0471 - 2341883, ഫാക്സ് : 0471 - 2341869
ടൈപ്പ് സെറ്റിംഗ് ആന്റ് ലേഔട്ട് : എസ്.സി.ഇ.ആർ.ടി.
First Edition :2014, Reprint : 2016
അച്ചടി : കെ.ബി.പി.എസ്., കാക്കനാട്, കൊച്ചി
© പൊതുവിദ്യാഭ്യാസവകുപ്പ്, കേരള സർക്കാർ



പ്രിയപ്പെട്ട കുട്ടികളേ,

സംഖ്യകൾ ! രൂപങ്ങൾ! പാറ്റേണുകൾ!

ഗണിതത്തിന്റെ ഒരു പുതിയ ലോകത്തേക്ക് നാം കടക്കുകയാണ്.

കണക്കു കൂട്ടാൻ, കളിക്കാൻ, പാട്ടുപാടാൻ


നമുക്ക് ഗണിതത്തെ ഉപയോഗിക്കാം

കൂട്ടുകാരോടൊപ്പം കളിച്ചും രസിച്ചും പുതിയ കണ്ടെത്തലുകൾ നടത്തിയും തെറ്റുതിരുത്തിയും മുന്നോട്ടു പോകാം...

പുതിയ ഗണിതാനുഭവങ്ങൾ തേടി,

ആത്മവിശ്വാസത്തോടെ...

സ്നേഹാശംസകളോടെ,



**ഡോ. പി.എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ശില്പശാലയിൽ പങ്കെടുത്തവർ

**അഷ്റഫ് സി.വി.**
അസി. ടീച്ചർ, വാണിമേൽ യു.പി.എസ്, കോഴിക്കോട്

**ഉണ്ണികൃഷ്ണൻ.എം.വി**
എച്ച്.എസ്.എ, ജി.എച്ച്.എസ്, കുമ്പള, കാസറഗോഡ്

**പ്രശാന്ത്.കെ.പി**
യു.പി.എസ്.എ., ദേവാധർ യു.പി. സ്കൂൾ, നെടിയിരുപ്പ്, മലപ്പുറം

**നാരായണനുണ്ണി എം.പി.**
ലക്ചറർ, ഡയറ്റ്, പാലക്കാട്

**വാസു കെ.ജി.**
എ.ഇ.ഒ (റിട്ട.), തിരൂർ

**ശ്യാം കുമാർ**
എച്ച്.എസ്.എ. ജെ.എൻ.എച്ച്.എസ്, കൊടുക്കുളഞ്ഞി

**സാംബശിവൻ**
മാസ്റ്റർ ട്രെയിനർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം

**സുരേഷ് സി.**
ട്രെയിനർ, ബി.ആർ.സി., താനൂർ, മലപ്പുറം

## വിദഗ്ദ്ധർ

**ബൈജു.എസ്**
അസി. പ്രൊഫസർ, ഗവ. കോളേജ്, കാര്യവട്ടം, തിരുവനന്തപുരം

**ഡോ. രാധാകൃഷ്ണൻ ചെട്ടിയാർ**
പ്രൊഫസർ (റിട്ട.), യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചിത്രകാരന്മാർ

**കുഞ്ഞിരാമൻ.പി.സി**
ഡയറ്റ്, എറണാകുളം

**രാകേഷ്**
നെയ്യാർഡാം, തിരുവനന്തപുരം

**പൗലോസ് എം.കെ.**
ഗവ.എച്ച്.എസ്.എസ്, പെരുമ്പാവൂർ, എറണാകുളം

**ഹരികുമാർ.കെ.ബി**
കഴക്കൂട്ടം, തിരുവനന്തപുരം

**ഹരി ചാരുത**
നേമം, തിരുവനന്തപുരം

**ഹസ്സൻ കെ.എം.**
ജി.എച്ച്.എസ്. പേഴക്കാപിള്ളി എറണാകുളം

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ലിഡ്സൺ രാജ്. ജെ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.



# ഉള്ളടക്കം


1. നൂറിനുമപ്പുറം ........................ 07

2. കൂട്ടിച്ചേർക്കാം ....................... 21

3. എടുത്ത് മാറ്റാം ....................... 33

4. രൂപങ്ങൾ ചേരുമ്പോൾ .............. 47


5. ഒരുപോലുള്ളവർ ചേരുമ്പോൾ ..... 63

6. നേരവും കാലവും ................... 75

| ഈ പുസ്തകത്തിൽ സൗകര്യത്തിനായി ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു | |
|---|---|
|  | അധികപ്രവർത്തനം/ തുടർപ്രവർത്തനം |
|  | ഞാൻ കണ്ടെത്തിയ വഴി |
|  | കൂട്ടുകാർ കണ്ടെത്തിയ വഴി |
|  | വിലയിരുത്തൽ |

# 1
# നൂറിനുമപ്പുറം

## നൂറാം വാർഷികം




ആതിരയുടെ സ്കൂൾ സ്ഥാപിച്ചിട്ട് 99 വർഷമായി.

അടുത്തവർഷം ശതാബ്ദി ആഘോഷിക്കാൻ തീരുമാനിച്ചു.

വാർഷികാഘോഷത്തിനായി എല്ലാ കുട്ടികളുടേയും വീട്ടിൽ സംഭാവനപ്പെട്ടി വെച്ചിട്ടുണ്ട്. ആതിര സംഭാവനപ്പെട്ടി തുറന്നു നോക്കി.

പെട്ടിയിലെ നാണയങ്ങളെല്ലാം 1 രൂപ.

ആതിര പെട്ടിയിലെ 1 രൂപ നാണയങ്ങൾ 10 ന്റെ കൂട്ടങ്ങളാക്കി വച്ചു.



10 ന്റെ എത്ര കൂട്ടങ്ങൾ?

ആകെ എത്ര നാണയങ്ങൾ?

അമ്മ അവൾക്ക് 1 രൂപയുടെ ഒരു നാണയം കൂടി നൽകി.

ഇപ്പോൾ ആകെ എത്ര 1 രൂപയായി?

ആതിര ഈ നാണയങ്ങളെല്ലാം കടയിൽ കൊടുത്ത് നോട്ടുകളാക്കി.
കടക്കാരൻ കൊടുത്തതെല്ലാം 10 രൂപ നോട്ടുകളായിരുന്നു.

എത്ര 10 രൂപ നോട്ടുകൾ കിട്ടിയിട്ടുണ്ടാകും?



## ഏതൊക്കെ നോട്ടുകൾ?

100 ഒരു രൂപ നാണയങ്ങൾ ഏതൊക്കെ രീതിയിൽ നോട്ടുകളാക്കാം?


എല്ലാം 50 രൂപ നോട്ടുകളാണെങ്കിലോ? എത്രയെണ്ണം?



## പൂർത്തിയാക്കാമോ?

ആതിരക്ക് അവളുടെ അച്ഛൻ ഒരു 100 രൂപ നോട്ട് നൽകി. അവളുടെ കൈവശം 1 രൂപ നാണയം ഉണ്ടായിരുന്നു. 100 നോട് 1 ചേർന്നപ്പോൾ നൂറ്റിയൊന്നായി. **100 + 1 = 101**


ഇനി നിങ്ങൾക്ക് പട്ടിക പൂർത്തിയാക്കാമോ?



| |
|---|
| 100 + 1 = 101 |
| 100 + 2 = 102 |
| 100 + 3 = 103 |
| |
| |
| |
| |
| |
| |
| 100 + 10 = 110 |

## പത്ത് നൂറുകൾ

നൂറാം വാർഷികത്തിനായി ഒരു ദിവസം 10 കുട്ടികൾ 100 രൂപ വീതം സംഭാവന നൽകി. ഓരോരുത്തരും നൽകിയപ്പോഴുള്ള തുകയുടെ പട്ടിക പൂരിപ്പിക്കാമോ?

| | | |
|---|---|---|
|  | 100 | |
|  | 200 | |
|  | 300 | മുന്നൂറ് |
| 4 നൂറുകൾ | 400 | |
| 5 നൂറുകൾ | | അഞ്ഞൂറ് |
| 6 നൂറുകൾ | | |
| | 700 | |
| | 800 | എണ്ണൂറ് |
| 9 നൂറുകൾ | | തൊള്ളായിരം |
| | 1000 | |




## തൈകൾ നടാം


നൂറാം വാർഷികത്തിൽ സ്കൂൾ വളപ്പിൽ നടാനായി 100 വൃക്ഷത്തൈകൾ വേണം. ഓരോന്നും എത്ര എണ്ണം വീതം ആകാം?

| തൈകൾ | ഞാൻ കണ്ടെത്തിയത് | ഗ്രൂപ്പിലുള്ളവർ കണ്ടെത്തിയത് | | |
|---|---|---|---|---|
| നെല്ലി | | | | |
| പുളി | | | | |
| മാവ് | | | | |
| പ്ലാവ് | | | | |
| മഹാഗണി | | | | |
| വേപ്പ് | | | | |
| പേര | | | | |
| മുരിങ്ങ | | | | |
| സപ്പോട്ട | | | | |
| ബദാം | | | | |

## പുസ്തക നമ്പർ

സ്കൂൾ ലൈബ്രറിയിലേക്ക് കുട്ടികൾ പുസ്തകങ്ങൾ ശേഖരിച്ചു.

ഒന്നാം ദിവസം ശേഖരിച്ച പുസ്തകങ്ങളാണ് ചുവടെ കാണുന്നത്. അവയ്ക്ക് ക്രമമായി നമ്പർ നൽകാമോ?




രണ്ടാം ദിവസം അവർ ശേഖരിച്ചത് 34 പുസ്തകങ്ങളായിരുന്നു. എങ്കിൽ അവസാനത്തെ പുസ്തകത്തിന്റെ നമ്പർ എത്ര? ______

അഞ്ചാം ദിവസം ശേഖരിച്ച പുസ്തകങ്ങൾക്ക് 253 മുതൽ 256 വരെയുള്ള നമ്പർ ആണ് നൽകിയത്. എങ്കിൽ എത്ര പുസ്തകങ്ങൾ അഞ്ചാം ദിവസം കിട്ടി?

## സംഖ്യകളെത്ര?

421 മുതൽ 430 വരെ എത്ര സംഖ്യകൾ? ______

567 മുതൽ 573 വരെ എത്ര സംഖ്യകൾ? ______

890 മുതൽ 898 വരെ എത്ര സംഖ്യകൾ? ______


....................................................................................

....................................................................................

ഒരു സംഖ്യ മുതൽ മറ്റൊരു സംഖ്യവരെയുള്ള സംഖ്യകളുടെ എണ്ണം കണക്കാക്കാൻ ഞാൻ കണ്ടെത്തിയ രീതി.

## ഗണിതക്യാമ്പ്

സ്കൂളിൽ ഗണിത ക്യാമ്പ് സംഘടിപ്പിക്കണം. അതിന് ഗണിതലാബ് സംഖ്യാമാല കൊണ്ട് അലങ്കരിക്കണം. സംഖ്യാമാല പൂർത്തിയാക്കൂ.




ക്യാമ്പിലെ കുട്ടികൾക്ക് ക്രമമായി ബാഡ്ജ് നൽകി.

ആതിരയുടെ നമ്പർ 148 ആയിരുന്നു.

ആതിരക്ക് മുമ്പ് സലീമിനും ആതിരക്ക് ശേഷം ആനിക്കും ബാഡ്ജ് കിട്ടി. അവരുടെ നമ്പർ എത്രയാണ്?

സലീം ______ ആനി ______

ആനിക്ക് ശേഷം ആദ്യം നൽകിയ ബാഡ്ജിലെ നമ്പർ എത്ര? ______

ആതിരക്ക് ശേഷം 20 പേർക്ക് ബാഡ്ജ് നൽകി. എങ്കിൽ അവസാനം നൽകിയ ബാഡ്ജിലെ നമ്പർ എത്ര? ______




## കളങ്ങളിൽ സംഖ്യ എഴുതാം

| | | |
|---|---|---|
| 828 | 829 | 830 |
| | 268 | |
| 318 | 319 | |
| 189 | | 191 |
| 758 | | |
| | 673 | |
| | | 410 |

ഒഴിഞ്ഞ കളങ്ങളിലെ സംഖ്യകൾ കണ്ടെത്തിയത് എങ്ങനെയാണ്?

## സംഭാവന

വാർഷികാഘോഷത്തിന് കഴിഞ്ഞ ആഴ്ച സംഭാവനയായി ലഭിച്ച തുക പട്ടികയിൽ കൊടുത്തിരിക്കുന്നു. വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കുക.

| ക്രമ നമ്പർ | ദിവസം | ലഭിച്ച തുക | |
|---|---|---|---|
| | | അക്കത്തിൽ | അക്ഷരത്തിൽ |
| 1 | ഞായർ | 775 | എഴുന്നൂറ്റിഎഴുപത്തിയഞ്ച് |
| 2 | തിങ്കൾ | 501 | |
| 3 | ചൊവ്വ | 450 | |
| 4 | ബുധൻ | | എണ്ണൂറ്റിതൊണ്ണൂറ്റി ഒൻപത് |
| 5 | വ്യാഴം | 900 | തൊള്ളായിരം |
| 6 | വെള്ളി | | മുന്നൂറ്റിപതിനേഴ് |
| 7 | ശനി | 925 | |



## നോട്ടുകളും നാണയങ്ങളും

ഞായറാഴ്ച ലഭിച്ച തുകയിൽ ഏതൊക്കെ നോട്ടുകളും നാണയങ്ങളും ഉണ്ടാകാം?

775 രൂപ

7 നൂറ് രൂപ
7 പത്ത് രൂപ
5 ഒരു രൂപ

1 അഞ്ഞൂറുരൂപ
2 നൂറ് രൂപ
1 അൻപതു രൂപ
5 അഞ്ചു രൂപ

4 നൂറ് രൂപ
6 അൻപതു രൂപ
3 ഇരുപതു രൂപ
1 പത്ത് രൂപ
2 രണ്ട് രൂപ
1 ഒരു രൂപ

ഇനി തിങ്കൾ, ചൊവ്വ ദിവസങ്ങളിലെ തുകയെ വ്യത്യസ്ത നോട്ടുകളുടെയും നാണയങ്ങളുടെയും കൂട്ടമായി എഴുതൂ.

## പട്ടികയിലെഴുതാം







| തുക | നോട്ടുകളുടെ/നാണയങ്ങളുടെ എണ്ണം | | | | | | | | ആകെ തുക |
|---|---|---|---|---|---|---|---|---|---|
| | 500 | 100 | 50 | 20 | 10 | 5 | 2 | 1 | |
| 899 | 1 | 3 | 1 | 1 | 1 | 2 | 4 | 1 | 500 + 300 + 50 + 20 + 10 + 10 + 8 + 1 |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

വ്യാഴം, വെള്ളി, ശനി ദിവസങ്ങളിലെ തുകയെ മുകളിലെ പട്ടികയിൽ എഴുതാമോ?

## കളങ്ങൾ പൂർത്തിയാക്കാം

| | |
|---|---|
| 5 നൂറുകൾ 2 പത്തുകൾ 4 ഒന്നുകൾ | 524 |
| | 632 |
| 700 + 90 + 8 | |
| 9 നൂറുകളും 5 ഒന്നുകളും | |
| | 859 |
| | 470 |

## അബാക്കസിൽ ക്രമീകരിക്കാം

| | |
|---|---|
|  | 214 |
|  | 132 |
|  | |
|  | 520 |
|  | |
|  | 600 |

## വലുതാര്? ചെറുതാര്?

375 246 742 596 357 593

മുകളിൽ കൊടുത്ത സംഖ്യകളിൽ ഏറ്റവും ചെറിയ സംഖ്യ ഏത്?

ഏറ്റവും വലിയ സംഖ്യയോ?

ഇവയെ വലുതിൽനിന്ന് ചെറുതിലേക്ക് ക്രമമായി എഴുതാമോ?

കണ്ടെത്തിയ രീതി വിശദീകരിക്കാമോ?

**കുറവെത്ര?**

6 നൂറും 4 പത്തും ചേർന്ന സംഖ്യ എഴുതാനാണ് ടീച്ചർ പറഞ്ഞത്. സുനന്ദ എഴുതിയത് 4 നൂറും 6 പത്തും ചേർന്ന സംഖ്യയാണ്. ശരിയായ സംഖ്യയും സുനന്ദ എഴുതിയ സംഖ്യയും തമ്മിലുള്ള വ്യത്യാസം എത്ര?

## തരം തിരിക്കാം ക്രമീകരിക്കാം

ഒരു ദിവസം ശേഖരിച്ച പുസ്തകങ്ങൾ കുട്ടികൾ തരംതിരിച്ചു.

ഓരോ വിഭാഗത്തിലേയും പുസ്തകങ്ങൾക്ക് നൽകിയ നമ്പർ നോക്കൂ. അവയെ ക്രമത്തിൽ വയ്ക്കാമോ?

**യാത്രാവിവരണപുസ്തകങ്ങൾ:**

324, 432, 234, 329, 502, 243

**ഗണിതപുസ്തകങ്ങൾ**

372, 405, 198, 350, 218, 281, 179

**ശാസ്ത്രപുസ്തകങ്ങൾ**

340, 202, 153, 418, 147, 390, 284, 189



## ചെറുതോ വലുതോ?



ഈ അക്കങ്ങൾകൊണ്ട് മൂന്നക്കസംഖ്യകൾ ഉണ്ടാക്കാം.

ഒരു സംഖ്യ ഉണ്ടാക്കാൻ ഒരക്കം ഒരു തവണ മാത്രമേ ഉപയോഗിക്കാവൂ.

ഇവയിൽ ചെറിയ സംഖ്യ ഏത്?

വലിയ സംഖ്യയോ?




ചെറുതിൽ നിന്നും വലുതിലേക്ക് ക്രമമായി എഴുതാമോ?

ചെറുതിന്റേയും വലുതിന്റേയും 100 ന്റെ സ്ഥാനത്തെ അക്കങ്ങൾ നോക്കൂ.

എന്ത് പ്രത്യേകതയാണുള്ളത്?

ഒന്നിന്റെ സ്ഥാനത്തെ അക്കത്തിനോ?

- ഇനി 4, 5, 0 എന്നീ 3 അക്കങ്ങൾ ഉപയോഗിച്ച് പരമാവധി മൂന്നക്കസംഖ്യകൾ ഉണ്ടാക്കൂ. അവയെ വലുതിൽ നിന്നും ചെറുതിലേക്ക് ക്രമമായി എഴുതൂ.




**നോട്ടിന്റെ എണ്ണം**

സുനീറിന്റെ കൈയിൽ 754 രൂപയുണ്ട്. നോട്ടുകളുടെ എണ്ണവും ഈ അക്കങ്ങളുടെ തുകയും തുല്യമാണ്. ഏതൊക്കെ നോട്ടുകളാകാം?


## ചോക്കുകൾ എണ്ണാം

കുട്ടികൾ ഉണ്ടാക്കിയ ചോക്കുകൾ എണ്ണി നോക്കി.





എല്ലാം 357 തന്നെ.

ചിത്രീകരിച്ചത് നോക്കൂ.



ഇതുപോലെ ഈ സംഖ്യകളെയും എഴുതിയാലോ.




**വലിയ സംഖ്യ**

| കളിക്കുന്ന ആളുടെ പേര് | സംഖ്യ | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

5 കുട്ടികൾക്ക് കളിക്കാം. കളിക്കുന്നവരുടെ പേരുകൾ ആദ്യം കളത്തിലെഴുതുന്നു. ആദ്യത്തെ ആൾ ഡൈസ് ഇടുന്നു. കിട്ടിയ അക്കം ഇഷ്ടമുള്ള കളത്തിലെഴുതുന്നു. എല്ലാവരും ഡൈസ് ഇട്ട് കളി തുടരുന്നു. കളങ്ങളെല്ലാം നിറഞ്ഞുകഴിഞ്ഞാൽ ഏറ്റവും വലിയ മൂന്നക്കസംഖ്യ കിട്ടിയ ആൾ ജയിച്ചു. നിങ്ങൾ കളിച്ചു നോക്കൂ.

KT 75-2/MATHS -3(M) Vol- 1

## പാറ്റേൺ പൂർത്തിയാക്കാമോ?

- 330, 340, 350, ................ , ................, , ................
- 575, 600, 625, ................ , ................ , ................
- 950, 900, 850, ................ , ................ , ................
- 412, 512, 612, ................ , ................ , ................
- 203, 313, 423, ................ , ................ , ................

## ബാഗിന്റെ വില

ആതിരക്ക് അച്ഛൻ ഒരു ബാഗ് വാങ്ങി. 2 നൂറു രൂപ നോട്ടുകളും 17 പത്ത് രൂപ നോട്ടുകളും 13 ഒരു രൂപ നാണയങ്ങളും കടക്കാരന് നൽകി. എങ്കിൽ ബാഗിന്റെ വില എത്ര?

## നോട്ട് ഏത്?

ആതിരയും കൂട്ടുകാരി റംലയും ഒരോ നോട്ടുമായി കടയിൽ ചെന്നു.

ആതിര ആ നോട്ട് ചില്ലറയാക്കി. അവൾക്ക് 2 നൂറ് രൂപ നോട്ടും, 3 അമ്പത് രൂപ നോട്ടും, 5 പത്ത് രൂപ നോട്ടും, 20 അഞ്ച് രൂപ നോട്ടും കിട്ടി.

റംല 50 രൂപയ്ക്ക് സാധനങ്ങൾ വാങ്ങി. അവൾക്ക് 2 നൂറ് രൂപ നോട്ടും, 4 അമ്പത് രൂപ നോട്ടും, 5 പത്ത് രൂപ നോട്ടും ബാക്കി കിട്ടി.

അവർ കൊണ്ടുപോയ നോട്ട് ഏതാണ്?

നോട്ടുകളും നാണയങ്ങളും ഏതൊക്കെ രീതിയിൽ ചേർത്ത് 500 രൂപയാക്കാം?

**ഞാൻ കണ്ടെത്തിയത്**








### 50 രൂപ നോട്ട്


രാജു 8 നൂറുരൂപ നോട്ടുകൾ കൊടുത്ത് എല്ലാം 50 രൂപ നോട്ടുകളാക്കി. എത്ര 50 രൂപ നോട്ടുകൾ ഉണ്ടാകും? എല്ലാം 20 രൂപ നോട്ടുകളായാൽ എത്ര എണ്ണം ഉണ്ടാകും?

## നമ്പർ നൽകാം




കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് നമ്പറുകൾ കൊടുത്തിട്ടുണ്ട്. എൽ.പി. വിഭാഗം കുട്ടികൾക്ക് 201 മുതൽ 265 വരെയും യു.പി. വിഭാഗത്തിന് 266 മുതൽ 340 വരെയും നമ്പർ നൽകി. എങ്കിൽ ഏതു വിഭാഗത്തിൽ നിന്നാണ് കൂടുതൽ കുട്ടികൾ പങ്കെടുക്കുന്നത്?

## തുക 12 ആക്കാമോ?



1 മുതൽ 7 വരെയുള്ള അക്കങ്ങൾ ആവർത്തിക്കാതെ വട്ടത്തിനുള്ളിൽ എഴുതണം. ഒരു വരയിലെ മൂന്ന് വട്ടങ്ങളിലെ അക്കങ്ങളുടെ തുക 12 ആകണം. എഴുതിനോക്കൂ.

## കളങ്ങൾ നിറയ്ക്കാം

| | | |
|---|---|---|
| 100 | 200 | 300 |
| 300 | 100 | 200 |
| 200 | 300 | 100 |

| | | |
|---|---|---|
| | | |
| | 400 | |
| | | |

| | | |
|---|---|---|
| | | |
| | | |
| | | |

- ഒന്നാമത്തെ ചതുരത്തിലെ കളങ്ങൾ പൂർത്തീകരിച്ചത് നോക്കൂ. ഓരോ വരിയിലും ഏതൊക്കെ സംഖ്യകളാണ് ഉള്ളത്?
- ഇതുപോലെ 400, 500, 600 എന്നീ സംഖ്യകൾ കൊണ്ട് രണ്ടാമത്തെ ചതുരത്തിലെ കളങ്ങൾ പൂർത്തിയാക്കൂ. 700, 800, 900 എന്നിവ കൊണ്ട് മൂന്നാമത്തെ ചതുരത്തിലെ കളങ്ങൾ പൂർത്തിയാക്കൂ.
- ചതുരങ്ങൾ ചേർത്തുവെച്ചാൽ ഒന്നാമത്തെ വരിയിലെ സംഖ്യകൾ ഏതൊക്കെ?
- ഈ സംഖ്യകൾ തന്നെയാണോ രണ്ടാമത്തെയും മൂന്നാമത്തെയും വരിയിലുള്ളത്?

## വലത്തോട്ടും താഴോട്ടും

| | | | | | |
|---|---|---|---|---|---|
| 90 | 140 | 190 | ........ | ........ | ........ |
| 100 | 150 | 200 | ........ | ........ | ........ |
| 110 | 160 | 210 | ........ | ........ | ........ |
| 300 | 450 | 600 | | | |

- ചതുരത്തിലെ സംഖ്യകൾക്ക് ഒരു ക്രമമുണ്ട്. അതനുസരിച്ച് മറ്റ് സംഖ്യകൾ എഴുതുക.

## കൂട്ടിനോക്കാം

```
  1 2 3 4 5 6 7 8 9 +
  9 8 7 6 5 4 3 2 1
                  1
---------------------
1 1 1 1 1 1 1 1 1 1
---------------------
```


```
  1 2 3 4 5 6 7 8 9 +
  9 8 7 6 5 4 3 2 1
  1 2 3 4 5 6 7 8 9
  9 8 7 6 5 4 3 2 1
                  2
---------------------
2 2 2 2 2 2 2 2 2 2
---------------------
```


- അടുത്തതോ?

# 2

# കൂട്ടിച്ചേർക്കാം

## ആരൊക്കെ ചേർന്നാൽ?




- ഉണ്ണിയും ടോമിയും സംഖ്യാക്കാർഡ് കളിക്കുകയാണ്.
- രണ്ട് കാർഡുകളിലെ സംഖ്യകൾ കൂട്ടിയാൽ 70 കിട്ടണം.
- ഏറ്റവും കൂടുതൽ ജോടികൾ ഉണ്ടാക്കുന്നയാൾ വിജയി.
- രണ്ട് കാർഡുകളിലെ സംഖ്യകൾ കൂട്ടി നിങ്ങളും 70 ഉണ്ടാക്കി നോക്കൂ.
- ഇങ്ങനെ എത്ര ജോടികൾ ലഭിക്കും?

ഞങ്ങൾ കണ്ടെത്തിയത്

- 
- 
- 
- 
- 
- 

## എന്റെ ചിന്ത

ടോമിയും അമ്മയും കടയിലെത്തി.

100 രൂപയുടെ സാധനങ്ങൾ വാങ്ങി.

കൊടുക്കേണ്ട തുക കണ്ടെത്തുന്നതിന് ടോമി ചിന്തിച്ച രീതി ഏതൊക്കെ ആവാം?




56 + 44 = 56 + 40 + 4 = 100

56 + 44 = 50 + 6 + 40 + 4 = 100

............... = ........................... = ..........

............... = ........................... = ..........



- അമ്മു കടയിൽ നിന്നും 2 കിലോഗ്രാം പഞ്ചസാരയും 2 കിലോഗ്രാം പരിപ്പും വാങ്ങി. പഞ്ചസാരക്ക് കിലോഗ്രാമിന് 35 രൂപയും പരിപ്പിന് കിലോഗ്രാമിന് 68 രൂപയുമാണ് വില. അമ്മു കടയിൽ എത്ര രൂപ നൽകണം?

### വരിയും നിരയും

| | | |
|---|---|---|
| 128 | 121 | 126 |
| 123 | 125 | 127 |
| 124 | 129 | 122 |

കളങ്ങളിലെ അക്കങ്ങൾ വരിയിലും, നിരയിലും കോണോടു കോണും കൂട്ടി നോക്കൂ. എന്തെങ്കിലും പ്രത്യേകത ഉണ്ടോ?

തുടർച്ചയായ 9 സംഖ്യകൾ ഉപയോഗിച്ച് മറ്റൊന്ന് ഉണ്ടാക്കി നോക്കൂ.

മാന്ത്രിക ചതുരം ലഭിക്കുന്നുണ്ടോ?

## ബില്ല് നോക്കാം

ടോമിയും ചേച്ചി മേരിയും കടയിൽനിന്ന് സാധനങ്ങൾ വാങ്ങി.





നമ്പർ 228 **പലവ്യഞ്ജനം**

| ഇനം | തൂക്കം | വില |
|---|---|---|
| അരി | 5 കിലോ | 150 |
| പഞ്ചസാര | 2 കിലോ | 56 |
| സോപ്പ് | 2 എണ്ണം | 20 |
| | ആകെ | ........ |

നമ്പർ 136 **പച്ചക്കറിക്കട**

| ഇനം | തൂക്കം | വില |
|---|---|---|
| ഉള്ളി | 1 കിലോ | 25 |
| വെണ്ടയ്ക്ക | 1 കിലോ | 25 |
| കാരറ്റ് | 1 കിലോ | 36 |
| പഴം | 1 കിലോ | 50 |
| | ആകെ | ........ |

ഓരോ ബില്ലിലും എത്ര രൂപയായി? ആകെ എത്ര രൂപ കൊടുക്കണം?

| | | | |
|---|---|---|---|
| |  |  |  |
| പലവ്യഞ്ജന കടയിലെ ബില്ല് | 2 | 2 | 6 |
| |  |  |  |
| പച്ചക്കറിയുടെ ബില്ല് | | | |
| |  |  |  |
| ആകെ | 3 നൂറ് | 5 പത്ത് | 12 ഒന്ന് |

12 ഒരു രൂപകളെ
1 പത്തു രൂപയും
2 രൂപയുമാക്കി,
1 പത്തു രൂപയെ 5
പത്തു രൂപകളോ
ടൊപ്പം കൂട്ടാമല്ലോ.

| | | |
|---|---|---|
| | 1 | |
| 3 നൂറ് | 5 പത്ത് | (1) 2 ഒന്ന് |

| | | |
|---|---|---|
| 3 നൂറ് | 6 പത്ത് | 2 ഒന്ന് |

ഇതിനെ ഇങ്ങനെ എഴുതാം

| നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|
| 2 | (1) 2 | 6 | + |
| 1 | 3 | 6 | |
| 3 | 6 | (1) 2 | |


$$\begin{array}{r} {}^{1}\phantom{0} \\ 226 \; + \\ 136 \\ \hline 362 \\ \hline \end{array}$$

## പിറന്നാൾ സമ്മാനം

അച്ഛന്റെ പിറന്നാളിന് സമ്മാനം നൽകണം. മേരിയും ടോമിയും സമ്പാദ്യപ്പെട്ടി തുറന്നു.



സമ്പാദ്യപ്പെട്ടിയിൽ ആകെ എത്ര രൂപയുണ്ട് ?



**12** പത്തുകളെന്നാൽ **10** പത്തുകളും, **2** പത്തുകളുമാണല്ലോ.

| | | | |
|---|---|---|---|
| **3** നൂറ് | **5** പത്ത് | **4** ഒന്ന് | + |
| **1** നൂറ് | **7** പത്ത് | **2** ഒന്ന് | |
| (**1**) **4** നൂറ് | (**1**) **2** പത്ത് | **6** ഒന്ന് | |

ഇതിനെ ഇങ്ങനെ എഴുതാം

| നൂറ് | പത്ത് | ഒന്ന് | |
|---|---|---|---|
| (1) 3 | 5 | 4 | + |
| 1 | 7 | 2 | |
| 5 | (1) 2 | 6 | |

$$\begin{array}{r} {}^{1} \\ 354 + \\ 172 \\ \hline 526 \\ \hline\hline \end{array}$$

## ഗ്രന്ഥശാല

മേരിയുടെ സ്കൂളിലെ ഗ്രന്ഥശാലയിൽ 524 മലയാളം പുസ്തകങ്ങളും 75 ഇംഗ്ലീഷ് പുസ്തകങ്ങളും ഉണ്ട്.




- പുതിയ പുസ്തകങ്ങൾ ഉൾപ്പെടെ ഗ്രന്ഥശാലയിലെ മൊത്തം പുസ്തകങ്ങൾ എത്ര?
  ഇംഗ്ലീഷ് പുസ്തകങ്ങൾ എത്ര?
  മലയാളമോ?

## കായികമേള

മേരിയുടെ സ്കൂളിൽ നടന്ന ഉപജില്ല കായികമേളയിൽ ആദ്യ ദിവസം 199 ആൺകുട്ടികളും 204 പെൺകുട്ടികളും പങ്കെടുത്തു. രണ്ടാം ദിവസം പുതുതായി 31 ആൺകുട്ടികളും 21 പെൺകുട്ടികളും കൂടി പങ്കെടുത്തു.

- മേളയിൽ മൊത്തം പങ്കെടുത്തവരെത്ര?
- ആൺകുട്ടികളാണോ പെൺകുട്ടികളാണോ കൂടുതൽ?
- 951 മുതൽ 989 വരെയുള്ള നമ്പറുകളാണ് ഓട്ടമത്സരത്തിൽ പങ്കെടുത്തവർക്ക് നൽകിയത്. എങ്കിൽ ഓട്ടമത്സരത്തിൽ പങ്കെടുത്തവരെത്ര?



## ഞാൻ കണ്ടെത്തിയ വഴി






### സംഖ്യാസൗന്ദര്യം

1 മുതൽ 5 വരെ അക്കങ്ങളിലെ തുടർച്ചയായ മൂന്ന് അക്കങ്ങൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഏറ്റവും വലിയ സംഖ്യയുടെയും ഏറ്റവും ചെറിയ സംഖ്യയുടെയും തുകയ്ക്ക് എന്തെങ്കിലും പ്രത്യേകത ഉണ്ടോ?

കണ്ടെത്തുക.

## എത്ര കൂട്ടം?



കായികമേളയോട് അനുബന്ധിച്ച് പായസം ഉണ്ടാക്കാൻ എൽ.പി വിഭാഗത്തിൽ നിന്ന് 269 തേങ്ങ കിട്ടി. എന്നാൽ എൽ.പി യിലേതിനേക്കാൾ 162 തേങ്ങ കൂടുതലായി യു.പി. യിൽ നിന്നും കിട്ടി.

- ആകെ എത്ര തേങ്ങ കിട്ടി?
- 100 വീതമുള്ള കൂട്ടങ്ങളാക്കിയാൽ എത്ര കൂട്ടം തേങ്ങകൾ ഉണ്ടാകും?



| | |
|---|---|
| ആകെ എണ്ണം കണ്ടെത്താൻ എന്തുചെയ്യണമെന്ന് എനിക്ക് മനസ്സിലായി. | |
| യു.പി. വിഭാഗത്തിലെ എണ്ണം കാണാതെ തന്നെ ആകെ എണ്ണം കണ്ടെത്താൻ കഴിഞ്ഞു. | |
| ക്രിയ ചെയ്തത് ശരിയാണെന്ന് എനിക്ക് ഉറപ്പുണ്ട്. | |
| ഉത്തരത്തിലെത്തിയ രീതിയും ക്രിയാരീതിയും എനിക്ക് പറയാൻ കഴിയും. | |

## വിജയോത്സവം

സ്കൂൾ കായികമേളയിൽ ഇവർക്ക് ലഭിച്ച പോയിന്റുകൾ നോക്കൂ.







ഓരോ ഗ്രൂപ്പിനും ലഭിച്ച പോയിന്റ് എത്ര? ☐ ആർക്കാണു കൂടുതൽ ? ☐

## സർക്കസ്

സർക്കസ് കാണാൻ എല്ലാവർക്കും ഉത്സാഹമായി.





ആകെ എത്ര പേരാണ് ടിക്കറ്റ് എടുത്തത്?

## നിറം നൽകൂ

ഈ കളങ്ങളിൽ ഒരാൾ ഒളിഞ്ഞിരിപ്പുണ്ട്. താഴെ കൊടുത്ത സംഖ്യകൾ കൂട്ടി നോക്കൂ. ഉത്തരമായി കിട്ടിയ സംഖ്യകളുള്ള കളങ്ങൾക്ക് നിറം നൽകൂ.

| | | |
|---|---|---|
| 345 + 543 = ........ | 740 + 360 = ........ | 580 + 406 = ........ |
| 529 + 382 = ........ | 567 + 765 = ........ | 606 + 205 = ........ |
| 340 + 286 = ........ | 457 + 308 = ........ | 409 + 235 = ........ |
| | 393 + 139 = ........ | |




## സമ്മാനം നേടാം......

തുണിക്കടയിലെ പരസ്യം ശ്രദ്ധിച്ചോ?

| | |
|---|---|
| ബനിയൻ | ........76 രൂപ |
| ഷർട്ട് | ........325 രൂപ |
| ചുരിദാർ | ........350 രൂപ |
| മിഡി | ........265 രൂപ |
| ടോപ്പ് | ........215 രൂപ |
| കുട | ........175 രൂപ |
| ബാഗ് | ........285 രൂപ |
| സാരി | ........375 രൂപ |

500 രൂപയ്ക്ക് മുകളിൽ സാധനം വാങ്ങുന്നവർക്ക് ഒരു സമ്മാനകൂപ്പൺ

- സിനി ഒരു സാരിയും ഒരു ഷർട്ടും വാങ്ങി.
- സാനിത ഒരു ചുരിദാറും ഒരു സാരിയും ഒരു ബാഗും വാങ്ങി.
- റസിയ ഒരു ബാഗും ഒരു കുടയും വാങ്ങി
- റഷീദ് ഒരു ബനിയനും ഒരു ഷർട്ടും ഒരു കുടയും വാങ്ങി.
- ലൈല ഒരു മിഡിയും ഒരു ടോപ്പും വാങ്ങി.
- ആൻസി ഒരു ചുരിദാറും ഒരു സാരിയും വാങ്ങി.

ആർക്കൊക്കെ സമ്മാനകൂപ്പൺ ലഭിക്കും?



- ഒരു വാഴത്തോട്ടത്തിൽ ആദ്യദിവസം 874 ഉം രണ്ടാം ദിവസം 569 ഉം വാഴത്തൈകൾ നട്ടു. മൊത്തം വാഴത്തൈകൾ എത്ര?
- മൊത്തവില്പനക്കടയിൽ നിന്നും ആദ്യത്തെ ദിവസം 666 ചാക്ക് അരിയും രണ്ടാമത്തെ ദിവസം 555 ചാക്ക് അരിയും മൂന്നാം ദിവസം 777 ചാക്ക് അരിയും വിതരണം ചെയ്തു. എങ്കിൽ ആകെ എത്ര ചാക്ക് അരിയാണ് വിതരണം ചെയ്തത്?
- ദുരിതാശ്വാസ നിധിയിലേക്ക് ആദ്യത്തെ ദിവസം 468 രൂപയും രണ്ടാം ദിവസം 357 രൂപയും ലഭിച്ചു.

  രണ്ട് ദിവസവും കൂടി എത്ര രൂപ ലഭിച്ചു?

  1000 രൂപ ആകണമെങ്കിൽ എത്രരൂപ കൂടി വേണം?
- ഗണിതമേള കാണാൻ അദ്യദിവസം 228 പേരും രണ്ടാം ദിവസം 272 പേരും വന്നു. സമാപന ദിവസം ആദ്യത്തെ രണ്ടു ദിവസം വന്നവരുടെ ഇരട്ടി ആളുകൾ വന്നു. എങ്കിൽ മേള കാണാൻ ആകെ എത്രപേർ വന്നു?
- 40 വീതം സീറ്റുകളുള്ള 6 ബസ്സുകളാണ് പഠനയാത്രയ്ക്ക് പോയത്. ആറാമത്തെ ബസ്സിൽ പകുതി സീറ്റുകൾ ഒഴിഞ്ഞു കിടന്നെങ്കിൽ പഠനയാത്രയ്ക്ക് പോയ കുട്ടികളുടെ എണ്ണം എത്ര?

### ഒറ്റയോ ഇരട്ടയോ?

തുടർച്ചയായ രണ്ട് സംഖ്യകളുടെ തുക

1 + 2 = ................

2 + 3 = ................

...... + ...... = ................

9 + 10 = ................

22 + 23 = ................

131 + 132 = ................

...... + ...... = ................

...... + ...... = ................

തുടർച്ചയായ രണ്ട് സംഖ്യകളുടെ തുകയ്ക്ക് എന്താണ് പ്രത്യേകത? എന്തുകൊണ്ട്?

തുടർച്ചയായ രണ്ട് സംഖ്യകളുടെ തുക എല്ലായ്പ്പോഴും ഒരു ഒറ്റസംഖ്യ ആയിരിക്കും.

രണ്ട് ഇരട്ടസംഖ്യകളുടെ തുക കണ്ടു നോക്കൂ.

2 + 4 = ................

4 + 6 = ................

6 + 10 = ................

...... + ...... = ................

14 + 16 = ................

28 + 40 = ................

246 + 268 = ................

...... + ...... = ................

...... + ...... = ................

രണ്ട് ഇരട്ടസംഖ്യകളുടെ തുകയ്ക്ക് എന്താണ് പ്രത്യേകത? എന്തുകൊണ്ട്?

- സ്കൂൾ പി.ടി.എ യോഗത്തിൽ 107 പുരുഷന്മാരും 270 സ്ത്രീകളുമാണ് പങ്കെടുത്തത്. എങ്കിൽ യോഗത്തിൽ ആകെ എത്ര പേർ പങ്കെടുത്തു ?
- ഗ്രാമദേശം ക്ലബ്ബ് 'ഒരു കുട്ടിക്ക് ഒരു കോഴി' എന്ന പദ്ധതി പ്രകാരം സ്കൂളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ നൽകി. ആദ്യ ദിവസം 384 ഉം രണ്ടാം ദിവസം 448 ഉം കോഴിക്കുഞ്ഞുങ്ങളെയാണ് നൽകിയത്. എങ്കിൽ സ്കൂളിലെ കുട്ടികളുടെ ആകെ എണ്ണം എത്ര?

രണ്ട് ഒറ്റസംഖ്യകളുടെ തുക കണ്ടു നോക്കൂ.

3 + 5 = ................
5 + 7 = ................
...... + ...... = ................
13 + 17 = ................
127 + 139 = ..................
...... + ...... = ................
...... + ...... = ................

രണ്ട് ഒറ്റസംഖ്യകളുടെ തുകയ്ക്ക് എന്താണ് പ്രത്യേകത? എന്തുകൊണ്ട്?

ഒരു ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും കൂട്ടിയാലോ?

## വഴി കണ്ടെത്താമോ?

ചക്കിപ്പൂച്ച ചിണ്ടൻ എലിയെ പിടിക്കാനുള്ള ശ്രമത്തിലാണ്. ശരിയായ വഴിയെ പോയാൽ മാത്രമേ അവനെ പിടിക്കാൻ പറ്റൂ. വഴി ഏതെന്ന് അറിയാതെ ബുദ്ധിമുട്ടിയ ചക്കിപ്പൂച്ചയെ സഹായിക്കാമോ?

വഴി കണ്ടെത്താൻ ആദ്യകളത്തിലെ സംഖ്യയുടെ ഇരട്ടിവരുന്ന കളത്തിലേക്കും വീണ്ടും ഇരട്ടി വരുന്ന കളങ്ങളിലേക്കും പോയാൽ ലക്ഷ്യത്തിലെത്താം.



| | | | | | |
|---|---|---|---|---|---|
| 1 | 2 | 4 | 8 | 16 | 18 |
| 5 | 4 | 6 | 42 | 14 | 36 |
| 10 | 8 | 16 | 32 | 64 | 72 |
| 20 | 88 | 32 | 126 | 456 | 48 |
| 40 | 36 | 64 | 128 | 256 | 512 |
| 80 | 100 | 128 | 500 | 1000 | 1024 |



- കച്ചവടക്കാരനായ അബു 445 രൂപയ്ക്ക് വാങ്ങിയ പച്ചക്കറികൾ 660 രൂപയ്ക്കും 415 രൂപയ്ക്ക് വാങ്ങിയ പഴം 600 രൂപയ്ക്കും വിറ്റു.

  ഇവ വാങ്ങാൻ അബുവിന് എത്ര രൂപ വേണ്ടി വന്നു?

  ഇവ രണ്ടും വിറ്റപ്പോൾ എത്ര രൂപ ലഭിച്ചു?

## തുടർച്ച കാണാമോ?

- 10, 30, 50, 70, ........ ........ ........
- 120, 140, 160, 180, ........ ........ ........
- 555, 565, 575, 585, ........ ........ ........
- 225, 250, 275, 300, ........ ........ ........
- 100, 110, 130, 160, ........ ........ ........

## കൂട്ടി നോക്കൂ

- വരിയും നിരയും കൂട്ടിയാൽ 450 കിട്ടുന്ന രീതിയിൽ ക്രമീകരിക്കൂ.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 10 + | 20 + | 30 + | 40 + | 50 + | 60 + | 70 + | 80 + | 90 | = | 450 |
| 20 + | 40 + | 70 + | 90 + | 10 + | 50 + | 80 + | 30 + | 60 | = | 450 |
| 30 + | 90 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 40 + | 10 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 50 + | 60 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 60 + | 70 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 70 + | 80 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 80 + | 50 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 90 + | 30 + | ........ | ........ | ........ | ........ | ........ | ........ | ........ | = | ........ |
| 450 | 450 | | | | | | | | | |

## സംഖ്യയും സംഖ്യയും

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 4 | 3 | 2 | 1 | + | 1 | 2 | 3 | 4 | 5 | + |
| | 4 | 3 | 2 | 1 | | 1 | 2 | 3 | 4 | | |
| | | 3 | 2 | 1 | | 1 | 2 | 3 | | | |
| | | | 2 | 1 | | 1 | 2 | | | | |
| | | | | 1 | | 1 | | | | | |
| **5** | **8** | **9** | **8** | **5** | | | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2 | 4 | 6 | 8 | + | 8 | 6 | 4 | 2 | + |
| 2 | 4 | 6 | | | | 6 | 4 | 2 | |
| 2 | 4 | | | | | | 4 | 2 | |
| 2 | | | | | | | | 2 | |
| **9** | **3** | **2** | **8** | | | | | | |

# 3

# എടുത്ത് മാറ്റാം

## കടയിലേക്ക്

ചിന്തപുരം യു.പി. സ്കൂളിലെ കുട്ടികളുടെ കടയാണ് ഇത്.

- കടയിലെ സ്റ്റോക്ക് ബോർഡ് വായിച്ചുനോക്കൂ.
- ഓരോന്നും എത്ര വീതം സ്റ്റോക്കുണ്ട്?
- ഇന്നത്തെ വിൽപ്പനയോ?

**സ്റ്റോക്ക് ബോർഡ്**

| വില | ഇനം | സ്റ്റോക്ക് |
|---|---|---|
| 10 | നോട്ട്ബുക്ക് | 100 |
| 6 | പേന | 50 |
| 3 | പെൻസിൽ | 75 |




ഇന്നത്തെ വിൽപനയ്ക്ക് ശേഷം എത്രയെണ്ണം ബാക്കിയുണ്ട്?

- എങ്ങനെ കണ്ടെത്തും?

**ഞാൻ കണ്ടെത്തിയത്**



| | |
|---|---|
| നോട്ട്ബുക്ക് | |
| പേന | |
| പെൻസിൽ | |

- അടുത്തദിവസം 72 നോട്ട് ബുക്കും 100 പേനയും 125 പെൻസിലും കൊണ്ടുവന്നു. ഇപ്പോൾ ഓരോന്നും എത്രയെണ്ണം വീതം ഉണ്ട്.?

KT 75-3/MATHS -3(M) Vol-1




- അമ്മു ഇവ വാങ്ങി. ഇനി കടയിൽ ഓരോന്നും എത്ര ബാക്കി ഉണ്ടാകും?

■ എങ്ങനെ കണ്ടെത്തും?

**ഞാൻ കണ്ടെത്തിയ വഴി**



**കൂട്ടുകാർ കണ്ടെത്തിയ വഴി**



## ശാസ്ത്രമാസിക







■ അമ്മുവിന്റെ കൈയിൽ എത്ര രൂപ ബാക്കിയുണ്ടാകും?

- എങ്ങനെ കണ്ടെത്തും ?



■ 175 രൂപയെന്നാൽ 100 + 70 + 5



■ 156 രൂപയെന്നാൽ 100 + 50 + 6

- 7 പത്ത് രൂപയിൽ നിന്ന് ഒരു പത്ത് രൂപയെടുത്ത് 5 രൂപയോട് കൂട്ടിയാലോ?

| | | | | | | |
|---|---|---|---|---|---|---|
| 100 | + | 60 | + | 15 | – |
| 100 | + | 50 | + | 6 | |
| | | | | | |

എന്ന് കിട്ടും.

ഇതിനെ ഇങ്ങനെ എഴുതാം

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 1 | 7 | 5 |
| 1 | 5 | 6 |
| | | |

–


| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 1 | 6 | 15 |
| 1 | 5 | 6 |
| 0 | 1 | 9 |

–

| | | | |
|---|---|---|---|
| | 6 | | |
| **1** | **7** | 15 | **–** |
| **1** | **5** | **6** | |
| | **1** | **9** | |

## പഠനസഹായനിധി

അമ്മുവിന്റെ ക്ലാസ്സിലെ എല്ലാവരും പഠനസഹായനിധിയിലേക്ക് സംഭാവന നല്കി




- എങ്കിൽ പെൺകുട്ടികളുടെ വിഹിതം എത്ര?

- എങ്ങനെ കാണും?
  - 436 ൽ നിന്നും 248 കുറക്കുകയാണല്ലോ വേണ്ടത്.
- എന്താണ് വഴി?






436




400 + 30 + 6 –
200 + 40 + 8

→

400 + 20 + 16 –
200 + 40 + 8




അപ്പോൾ →

300 + 120 + 16 –
200 + 40 + 8

എന്നെഴുതാം

അതായത്,

400 + 30 + 6 –
200 + 40 + 8

→

400 + 20 + 16 –
200 + 40 + 8

→

300 + 120 + 16 –
200 + 40 + 8

100 + 80 + 8

ഇതുവരെ ചെയ്തതിനെ ഇങ്ങനെ മാറ്റിയെഴുതാം

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 4 | 2<br>3 | 6 |
| 2 | 4 | 8 |
| | | |

–

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 3<br>4 | 2 | 16 |
| 2 | 4 | 8 |
| | | |

–

| നൂറ് | പത്ത് | ഒന്ന് |
|---|---|---|
| 3 | 12 | 16 |
| 2 | 4 | 8 |
| 1 | 8 | 8 |

–

ഇത് ചുരുക്കി

| | | | |
|---|---|---|---|
| | 12 | | |
| 3 | 2 | 16 | |
| 4 | 3 | 6 | – |
| 2 | 4 | 8 | |
| 1 | 8 | 8 | |

$$\begin{array}{r} 436 \; - \\ 248 \\ \hline \mathbf{188} \\ \hline \end{array}$$

എന്നെഴുതാം

$$\begin{array}{r} 436 \; - \\ 248 \\ \hline \mathbf{188} \\ \hline \end{array}$$
ശരിയാണോ എന്നറിയാൻ
$$\begin{array}{r} 188 \; + \\ 248 \\ \hline \mathbf{436} \\ \hline \end{array}$$
എന്നു നോക്കിയാൽ മതി.








- അമ്മയുടെ കൈയ്യിൽ 4 നൂറുരൂപാ നോട്ടുകളും 5 പത്ത് രൂപ നോട്ടുകളും ഉണ്ട്. അതിൽ നിന്നും 120 രൂപ അനുവിന് നൽകി. അമ്മയുടെ കൈയിൽ ഇപ്പോൾ എത്ര രൂപയുണ്ടാവും? അത് ഏതെല്ലാം നോട്ടുകളായിരിക്കും.?

## കഥാപുസ്തകം

അമ്മു ബുക്ക് സ്റ്റാളിൽനിന്ന് കഥാപുസ്തകം വാങ്ങി.










- അമ്മു വാങ്ങിയ കഥാപുസ്തകത്തിന് എന്തു വിലയായി?
  - അമ്മു 250 രൂപ അമ്മയ്ക്കു കൊടുത്തു. അമ്മ ഒരു ബാഗ് വാങ്ങി.
- ഇനി അമ്മുവിന്റെ കൈയിൽ എത്ര രൂപയുണ്ട്?


## ബാങ്കിലേക്ക്




- അമ്മുവിന്റെ അമ്മ ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിച്ചു?

## അരിക്കടയിൽ

അമ്മുവിന്റെ അച്ഛൻ അരിവാങ്ങാൻ കടയിൽ പോയി.




■ ബാക്കി അമ്മുവിന്റെ ചേട്ടൻ കൊടുത്തു. എത്ര രൂപയാണ് ചേട്ടൻ കൊടുത്തത്?





ഞാൻ കണ്ടെത്തിയ വഴി



## ക്രിക്കറ്റ്

അമ്മു ക്രിക്കറ്റ് കളി കാണുകയാണ്.




ഇന്ത്യക്ക് ശ്രീലങ്കയ്ക്ക് ഒപ്പമെത്താൻ എത്ര റൺസ് കൂടി വേണം?




■ എങ്ങനെ കണ്ടെത്തും?




ഞാൻ കണ്ടെത്തിയ വഴി





ഏകദിനമത്സരത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം 243 റൺസെടുത്തു. എതിർ ടീമിന് 198 റൺസ് എടുക്കാനേ കഴിഞ്ഞുള്ളൂ. ഇന്ത്യ എത്ര റൺസ് അധികം നേടി?

## സ്കൂളിലേക്ക്

അമ്മുവിന്റെ സ്കൂളിലേക്ക് കൃഷിഭവനിൽ നിന്ന് പച്ചക്കറി വിത്തുകൾ വിതരണത്തിന് കൊണ്ടുവന്നു.




### മുത്തശ്ശിയുടെ പ്രായം




ഇവർ തമ്മിലുള്ള പ്രായവ്യത്യാസം എത്ര?

- ഇനി എത്ര പായ്ക്കറ്റുകൾ ബാക്കിയുണ്ട്?
- ബാക്കിയുള്ളതിൽ നിന്ന് 2, 3, 4, 5 ക്ലാസുകളിലേക്ക് 329 പാക്കറ്റുകൾ നൽകിയാൽ ഒന്നാം ക്ലാസിന് നൽകാൻ എത്ര പാക്കറ്റുകൾ ബാക്കി ഉണ്ടാകും?



കുഞ്ഞനുറുമ്പ് ശേഖരിച്ച 686 നെന്മണികളിൽ 247 എണ്ണം കുഞ്ഞനണ്ണാനും 265 എണ്ണം സുന്ദരിത്തത്തയ്ക്കും നൽകി. കുഞ്ഞനുറുമ്പിന്റെ ശേഖരത്തിൽ ഇപ്പോൾ എത്ര നെന്മണികൾ ഉണ്ട്?

## ഉച്ചഭക്ഷണം

എല്ലാ ദിവസവും സമ്പുഷ്ടമായ ഉച്ചഭക്ഷണമാണ് അമ്മുവിന്റെ സ്കൂളിൽ നൽകുന്നത്.




- എങ്കിൽ 3 ദിവസവും കൂടി എത്ര കിലോ അരി ഉപയോഗിച്ചു?

## പാൽ വിതരണം







- നിങ്ങൾക്ക് സഹായിക്കാമോ?



പഴക്കടയിലെ ആപ്പിൾ കൂടയിൽ രാവിലെ 325 ആപ്പിളുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 98 എണ്ണം ബാക്കിയുണ്ടെങ്കിൽ എത്രയെണ്ണം വിറ്റു?

## യൂണിഫോം



ചിന്തപുരം സ്കൂളിൽ 167 മീറ്റർ പാവാടത്തുണിയും 118 മീറ്റർ ഷർട്ടിന്റെ തുണിയും സ്റ്റോക്കുണ്ട്. അതിന്റെകൂടെ ഈ വർഷം പുതുതായി 495 മീറ്റർ പാവാടതുണിയും 345 മീറ്റർ ഷർട്ടിന്റെ തുണിയും കൊണ്ടുവന്നു. വിതരണത്തിന് ശേഷം 178 മീറ്റർ പാവാട തുണിയും 145 മീറ്റർ ഷർട്ടിന്റെ തുണിയും ബാക്കി വന്നു.എത്ര മീറ്റർ തുണിയാണ് ഈ വർഷം വിതരണം ചെയ്തത്?

■ എങ്ങനെ കണ്ടെത്താം?

- ഒരു പട്ടികയിൽ എഴുതിയാലോ?
- എന്തൊക്കെ വിവരങ്ങൾ എഴുതണം?
-
-

**ഞാൻ കണ്ടെത്തിയ വഴി**



**കൂട്ടുകാർ കണ്ടെത്തിയ വഴി**





| | |
|---|---|
| എന്താണ് കണ്ടുപിടിക്കേണ്ടതെന്ന് മനസ്സിലായി. | |
| ആവശ്യമായ വിവരങ്ങൾ കണ്ടെത്തി പട്ടികയിൽ എഴുതി. | |
| ക്രിയകൾ ചെയ്തത് ശരിയായി. | |
| മറ്റ് രീതികൾ ഉണ്ടെന്ന് മനസ്സിലാക്കി. | |

## ശിശുദിന റാലി

സ്കൗട്ട്, ഗൈഡ്, റെഡ്ക്രോസ് എന്നിവയിലെ കുട്ടികൾ നടത്തിയ റാലിയിൽ 296 ആൺകുട്ടികളും 336 പെൺകുട്ടികളും ഉണ്ടായിരുന്നു. അതിൽ 186 പേർ സ്കൗട്ടും 177 പേർ ഗൈഡ്സും ആയിരുന്നുവെങ്കിൽ റെഡ്ക്രോസ് വിഭാഗത്തിൽപ്പെട്ടവർ എത്ര?




**ഞാൻ കണ്ടെത്തിയ വഴി**



**കൂട്ടുകാർ കണ്ടെത്തിയ വഴി**





**കുറച്ചത് ശരിയാണോ എന്ന് ഞാൻ പരിശോധിച്ച രീതി**

## ശാസ്ത്രോത്സവം

അമ്മുവിന്റെ സ്കൂളിലാണ് ശാസ്ത്രോത്സവം നടന്നത്.







- ഏത് ദിവസമാണ് കൂടുതൽ പേർ ഭക്ഷണം കഴിച്ചത്? എത്ര കൂടുതൽ?

- ശാസ്ത്രോത്സവത്തിന് 1000 കസേരകളാണ് കൊണ്ടു വന്നത്. ഹാളിൽ സ്ഥലമില്ലാത്തതിനാൽ 186 എണ്ണം തിരിച്ചു കൊണ്ടു പോയി. എങ്കിൽ എത്ര എണ്ണം ഉപയോഗിച്ചു?



1000 ത്തിൽ നിന്ന് 1 കുറച്ചതിനുശേഷം 186 കുറച്ച് ഉത്തരത്തിനൊപ്പം 1 കൂട്ടിയാൽ മതി

1000 – 1 = 999

999 – 186 = 813

813 + 1 = 814

1000 – 186 = 814

1000 ത്തിൽ നിന്നും 186 ൽ നിന്നും 1 കുറച്ചതിനു ശേഷം കുറച്ചുനോക്കൂ. ഉത്തരം ആദ്യത്തേതിനു തുല്യമാണോ?

1000 – 1 = 999

186 – 1 = 185

999 – 185 = 814

1000 – 186 = 814

1000 – 186 = 999 – 185

### സംഖ്യാഗോപുരം

അടുത്തുള്ള വലിയസംഖ്യയിൽ നിന്ന് ചെറുത് കുറച്ച് പൂർത്തിയാക്കൂ.


| | | | |
|---|---|---|---|
| | | | |
| | | | |
| | | 240 | |
| 885 | 526 | 396 | |



- സ്കൂൾ സൊസൈറ്റിയിൽ ഉണ്ടായിരുന്ന 240 നോട്ടുബുക്കുകളിൽ പകുതി എണ്ണം വിറ്റു തീർന്നു. എങ്കിൽ ഇപ്പോൾ എത്ര നോട്ടുബുക്കുകൾ സ്റ്റോക്കുണ്ട്?
- കച്ചവടക്കാരനായ രാമു 545 രൂപയ്ക്ക് വാങ്ങിയ ചേന 637 രൂപയ്ക്കും 232 രൂപയ്ക്ക് വാങ്ങിയ വെണ്ടയ്ക്ക 365 രൂപയ്ക്കുമാണ് വിറ്റതെങ്കിൽ ഓരോ ഇനത്തിലും എത്ര രൂപയാണ് അധികമായി ലഭിച്ചത്? ആകെ എത്ര രൂപ അധികമായി കിട്ടി?
- ഒരേ സാധനങ്ങൾ അമ്മു 903 രൂപയ്ക്ക് ബാബു സ്റ്റോറിൽ നിന്നും അനു 784 രൂപയ്ക്ക് മാവേലി സ്റ്റോറിൽ നിന്നും വാങ്ങി. എവിടെ നിന്ന് വാങ്ങിയതാണ് മെച്ചം? എത്ര രൂപ?
- 840 ലഡുവാണ് സ്വാതന്ത്ര്യദിനത്തിൽ വിതരണത്തിനായി പി.റ്റി.എ വാങ്ങിയത്. ഒന്നാം ക്ലാസിൽ 89 ഉം രണ്ടാം ക്ലാസിൽ 93 ഉം മൂന്നാം ക്ലാസിൽ 87 ഉം നാലാം ക്ലാസിൽ 98 ഉം അഞ്ചാം ക്ലാസിൽ 102 ഉം കുട്ടികൾ ഉണ്ട്. ഒരു ലഡു വീതം നൽകിയാൽ എത്ര ലഡു ബാക്കി വരും? രണ്ടെണ്ണം വീതം നൽകണമെങ്കിൽ ഇനിയും എത്ര ലഡു വേണം?
- ഗണിതമല യു.പി. സ്കൂളിൽ എൽ.പി.വിഭാഗത്തിൽ 292 കുട്ടികളും യു.പി.വിഭാഗത്തിൽ 345 കുട്ടികളുമുണ്ട്. ആകെയുള്ള കുട്ടികളിൽ 349 പേർ ആൺകുട്ടികളാണെങ്കിൽ പെൺകുട്ടികളുടെ എണ്ണം എത്ര? കൂടുതലുള്ളത് ആൺകുട്ടികളോ പെൺകുട്ടികളോ? എത്ര കൂടുതൽ?


## എലിയും പൂച്ചയും

കണ്ടൻപൂച്ച മണിയനെലിയെ പിടിക്കാൻ തക്കം പാർത്തിരിക്കുകയാണ്. ചുറ്റുമുള്ള മതിൽ വഴി മണിയനെലിക്ക് രക്ഷപ്പെടാം. മതിലിൽ ഒരു ഭാഗത്ത്, നടുവിലെ കളത്തിൽ നൽകിയ സംഖ്യയിലെ വ്യത്യാസമായി വരാത്ത ഒരു സംഖ്യയുണ്ട്. അത് കണ്ടെത്തി അതിലൂടെ രക്ഷപ്പെടാൻ മണിയനെലിയെ സഹായിക്കാമോ?



## വ്യത്യാസം എഴുതാം

നടുവിലെ സംഖ്യ വ്യത്യാസമായി കിട്ടുന്ന രീതിയിൽ ചക്രത്തിലെ എല്ലാ സംഖ്യകളും എഴുതുക.




## സമാധാനം

| 0 | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| മാ | സ | ങ്ങ | ളി | ൽ | മേ | ടം | പ്ര | ധാ | നം |


- പൂജ്യം വരാത്തതും സംഖ്യകൾ ആവർത്തിക്കാതെയും ഒരു മൂന്നക്ക സംഖ്യ എഴുതുക.
- ആ സംഖ്യയെ തിരിച്ചെഴുതുക
- വലിയ സംഖ്യയിൽ നിന്ന് ചെറിയ സംഖ്യ കുറയ്ക്കുക
- ഉത്തരമായി കിട്ടിയ സംഖ്യയെ നേരത്തെ ചെയ്തതുപോലെ തിരിച്ചെഴുതുക.
- ഉത്തരമായി കിട്ടിയ സംഖ്യയും തിരിച്ചെഴുതിയ സംഖ്യയും കൂട്ടി നോക്കൂ.
- കിട്ടിയ സംഖ്യയിലെ അക്കങ്ങൾക്കനുസരിച്ച് അക്ഷരങ്ങൾ എഴുതി നോക്കൂ.

## സംഖ്യാശ്രേണി പൂർത്തിയാക്കുക.

1. 100, 90, 80, ......, ......, ......
2. 128, 64, 32, ......, ......, ......
3. 900, 800, 700, ......, ......, ......
4. 780, 680, 580, ......, ......, ......
5. 300, 250, 200, ......, ......, ......
6. 350, 290, 240 ......, ......, ......

## താഴുകളും താക്കോലുകളും

സ്കൂൾ അടക്കാൻ തുടങ്ങിയപ്പോഴാണ് താഴുകളും താക്കോലുകളും പരസ്പരം മാറിയത് ശ്രദ്ധയിൽപ്പെട്ടത്. പക്ഷെ താഴുകളിലും താക്കോലുകളിലും നൽകിയ ക്രിയ ചെയ്താൽ പ്രശ്നം പരിഹരിക്കാം.




### ഒമ്പതും ഞാനും

| | | |
|---|---|---|
| 990 - 099 = 891 | 963 - 369 = 594 | 936 - 639 = 297 |
| 981 - 189 = 792 | 954 - 459 = 495 | 927 - 729 = 198 |
| 972 - 279 = 693 | 945 - 549 = 396 | 918 - 819 = 099 |

### പ്രത്യേകത കണ്ടെത്തൂ

| | |
|---|---|
| 994 - 90 = 904 | 993 - 90 = 903 |
| 994 - 180 = 814 | 993 - 180 = 813 |
| 994 - 270 = 724 | 993 - 270 = 723 |
| 994 - 360 = 634 | 993 - 360 = 633 |
| 994 - 450 = 544 | 993 - 450 = 543 |
| 994 - 540 = 454 | 993 - 540 = 453 |
| 994 - 630 = 364 | 993 - 630 = 363 |
| 994 - 720 = 274 | 993 - 720 = 273 |
| 994 - 810 = 184 | 993 - 810 = 183 |

ഇതുപോലെ മറ്റൊന്ന് തയാറാക്കൂ.

4

# രൂപങ്ങൾ ചേരുമ്പോൾ




ചിത്രം ശ്രദ്ധിക്കൂ

ഏതൊക്കെ ജ്യാമിതീയ രൂപങ്ങളാണ് ചിത്രത്തിൽ ഉള്ളത്? നിങ്ങൾക്ക് പറയാമോ?

| | | |
|---|---|---|
| | | |

ചതുരാകൃതിയിലുള്ളത് ഏതൊക്കെ? ..............................................

വട്ടത്തിലുള്ളതോ? ........................................................................

ത്രികോണമോ? ..............................................................................


## നിറം കൊടുക്കാം


അപ്പു നിറം നൽകുന്നത് നോക്കൂ.



ചുവടെ കൊടുത്ത ചിത്രങ്ങൾക്ക് നിങ്ങളും നിറം കൊടുത്തുനോക്കൂ.


ചതുരത്തിന് നീലയും ത്രികോണത്തിന് ചുവപ്പും ആയാലോ?






ചുവടെയുള്ള ചിത്രങ്ങൾക്ക് ഇഷ്ടമുള്ള നിറം നൽകി ഭംഗിയാക്കൂ.






## ചേർത്തു വയ്ക്കാം

രൂപങ്ങൾ ചേർത്തു വച്ച് ചിത്രങ്ങൾ ഉണ്ടാക്കിയാലോ? ഗണിതലാബിൽ നിന്നും അനുയോജ്യമായ രൂപങ്ങളെടുത്ത് താഴെ കൊടുത്ത ചിത്രങ്ങൾ ഉണ്ടാക്കി നോക്കൂ.











**ഗണിതരൂപങ്ങൾ വരയ്ക്കാം**

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി. സ്കൂൾ ഗ്നൂലിനക്സിലെ ടക്സ് പെയിന്റ് (Tux Paint) സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി:

Favorites → Tux Paint






- ഒരോ ചിത്രത്തിലും ഉപയോഗിച്ച ചതുരങ്ങൾ, ത്രികോണങ്ങൾ, വട്ടങ്ങൾ എത്രയെന്ന് എഴുതി നോക്കൂ.

## ത്രികോണവും ചതുരവും



ചതുരങ്ങളും ത്രികോണങ്ങളും ചേർത്ത് വച്ച് അനുവും കൂട്ടുകാരും ഉണ്ടാക്കിയ രൂപങ്ങൾ നോക്കൂ.





നമുക്കും ഇതുപോലെ വരയ്ക്കാം.

ത്രികോണങ്ങളും ചതുരങ്ങളും വേണമല്ലോ.

അവ ഗണിതലാബിൽ നിന്നെടുക്കാം.


ചേർത്ത് വച്ച് വിവിധരൂപങ്ങൾ വരയ്ക്കാമല്ലോ.


ഇഷ്ടമുള്ള നിറങ്ങൾ കൊടുത്തു ഭംഗിയാക്കാം.
പ്രദർശിപ്പിക്കാം.





വിനുവും കൂട്ടുകാരും ഉണ്ടാക്കിയ രൂപങ്ങൾ നോക്കൂ.


ത്രികോണങ്ങളും ചതുരങ്ങളും ചേർത്ത് വച്ച് പല രൂപങ്ങൾ ഉണ്ടാക്കുകയും വരയ്ക്കുകയും ചെയ്യാം. നിറം കൊടുത്ത് ഭംഗിയാക്കൂ.















**ഞാൻ ചേർത്ത് വെച്ചപ്പോൾ അല്ലെങ്കിൽ വരച്ചപ്പോൾ**


| | |
|---|---|
| മൂലകൾ ചേർന്ന് നിന്നിട്ടുണ്ട്. | |
| രൂപത്തിന്റെ വക്കുകൾ ചേർത്ത് നേരെ വരച്ചിട്ടുണ്ട്. | |
| ചേർത്ത് വെയ്ക്കുന്നതിന് ഒരു ക്രമം സ്വീകരിച്ചിട്ടുണ്ട്. | |
| ചിത്രം പൊതുവെ കാണാൻ ഭംഗിയുണ്ട്. | |

## വട്ടം വരയ്ക്കാം











ഇഷ്ടമുള്ള നിറം കൊടുത്തുനോക്കൂ.


## ഇങ്ങനെയും രൂപങ്ങൾ


















ഈ എട്ട് കഷണങ്ങൾ അനുയോജ്യമായ രീതിയിൽ ചേർത്ത് വച്ച് മുകളിൽ കൊടുത്ത രൂപങ്ങൾ വരച്ചുനോക്കാമല്ലോ? കൂടുതൽ രൂപങ്ങൾ വരയ്ക്കാൻ ശ്രമിക്കൂ

## വരയ്ക്കാം, വരയ്ക്കാം, ഇനിയും വരയ്ക്കാം

- കുത്തുകൾ യോജിപ്പിച്ച് ചിത്രങ്ങൾ വരച്ചിരിക്കുന്നത് നോക്കൂ.
- കുത്തുകൾ യോജിപ്പിച്ച് നിങ്ങൾക്ക് ഇഷ്ടമുള്ള ചിത്രങ്ങൾ വരയ്ക്കുക.






**ഗണിതരൂപങ്ങൾ ഉപയോഗിച്ചുള്ള നിർമിതി**

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി. സ്കൂൾ ജികോംപ്രിസ്.
സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി: ജിക്രോംപ്രിസ് തുറന്ന്,
കുരുക്കഴിക്കൽ → ഗണിതരൂപങ്ങൾ ഉപയോഗിച്ചുള്ള നിർമിതി

## കമ്പുകൾ കൊണ്ടും രൂപങ്ങൾ








തീപ്പെട്ടികമ്പുകൾ കൊണ്ട് ത്രികോണവും ചതുരവും ഉണ്ടാക്കാം.

ഒരു ത്രികോണം ഉണ്ടാക്കാൻ എത്ര കമ്പുകൾ വേണ്ടിവന്നു? ☐

ചതുരം ഉണ്ടാക്കാനോ? ☐



ഈർക്കിൽ കഷണങ്ങൾ മുറിച്ചെടുത്ത് ചുവടെ കൊടുത്തതുപോലെ ത്രികോണങ്ങളും ചതുരങ്ങളും ഉണ്ടാക്കൂ.




ഈർക്കിൽ കൊണ്ട് ഉണ്ടാക്കിയ ഈ രൂപങ്ങൾ ഒരു ചാർട്ട് പേപ്പറിൽ ഭംഗിയായി ഒട്ടിച്ചു വയ്ക്കാമല്ലോ.

ഒരു ത്രികോണത്തിന് മൂന്ന് വശങ്ങളാണ്.

ചതുരത്തിനോ?


ഈർക്കിൽ കഷണങ്ങൾ ചേർത്തൊരു വീടു കണ്ടോ?



## ചതുരക്കട്ട

ചതുരക്കട്ടയുടെ ആകൃതിയിലുള്ള വസ്തുക്കൾ എഴുതുക


- ഇഷ്ടിക
- തീപ്പെട്ടി
-
-
-




ചതുരക്കട്ടയുടെ ഓരോ മുഖവും നോക്കൂ

എല്ലാം ചതുരങ്ങളാണല്ലോ?

എത്ര മുഖങ്ങളുണ്ട്? ______



**അടുത്ത ചിത്രങ്ങൾ വരക്കൂ**



## തൊപ്പിയും തോണിയും




ഇത്തരം മാതൃകകൾ നിങ്ങൾക്കും ഉണ്ടാക്കാമല്ലോ? ഇതുപോലെ കടലാസ് മടക്കി വേറെ എന്തെല്ലാം കളിപ്പാട്ടങ്ങൾ നിങ്ങൾക്ക് ഉണ്ടാക്കാൻ അറിയാം? കൂട്ടുകാർക്ക് പറഞ്ഞു കൊടുക്കാൻ മറക്കരുതേ.

ഓരോ പ്രാവശ്യം കടലാസ് മടക്കുമ്പോഴും എന്തൊക്കെ രൂപങ്ങൾ ഉണ്ടാകുന്നു എന്ന് ശ്രദ്ധിക്കുമല്ലോ?

5

# ഒരുപോലുള്ളവർ ചേരുമ്പോൾ

## പ്രവേശനോത്സവം

പുതിയ കൂട്ടുകാരെത്തി.
എല്ലാവർക്കും മിഠായി
കൊടുക്കണം.




എന്റെ ബെഞ്ചിലെ എല്ലാവർക്കും 2 വീതം മിഠായി കിട്ടി.

ഞങ്ങൾ 5 പേരുണ്ട്.

എത്ര മിഠായി?

$2 + 2 + 2 + 2 + 2 = 10$

അഞ്ച് 2 കൾ ചേർന്നതാണ് 10

ഇതിനെ $5 \times 2$ എന്ന് ചുരുക്കി എഴുതാം.

അതായത്, $5 \times 2 = 10$


കൂട്ടത്തിൽ ഒരാൾകൂടി വന്നാൽ ആകെ എത്ര മിഠായി വേണം?

ഇത് ചുരുക്കി എങ്ങനെ എഴുതാം?

.................. × .................. = ..................

## കളി വണ്ടി

ക്ലാസിൽ കളിവണ്ടി ഉണ്ടാക്കുകയാണ്.
രാജുവും ഉണ്ടാക്കി കളിവണ്ടികൾ.
ഒരു വണ്ടിക്ക് 3 ചക്രം.
കുപ്പിയുടെ അടപ്പുകളാണ് ചക്രങ്ങൾ.
രാജുവിന് 4 വണ്ടികൾ ഉണ്ടാക്കണം.
എത്ര അടപ്പുകൾ വേണം?



$3 + 3 + 3 + 3 = 12$


നാല് 3 കൾ ചേർന്നാൽ 12.

അതായത്, $4 \times 3 = 12$.

അബു 2 വണ്ടികൾ ഉണ്ടാക്കി.

അബുവിന് എത്ര അടപ്പുകൾ വേണ്ടി വന്നു? ☐

രണ്ടുപേർക്കും കൂടി എത്ര അടപ്പുകൾ? ☐




ഇത് ചുരുക്കി എങ്ങനെ എഴുതും?

....... × ....... = .............

## കൂട്ടങ്ങളാവാം


ഗണിതലാബിലെ പ്രവർത്തനങ്ങൾ ചെയ്യാൻ ടീച്ചർ കുട്ടികളെ കൂട്ടങ്ങളാക്കി.
ഒരു കൂട്ടത്തിൽ 4 കുട്ടികൾ വീതം 6 കൂട്ടങ്ങൾ.
ആകെ കുട്ടികൾ എത്ര?

$4 + 4 + 4 + 4 + 4 + 4 =$ .............

$6 \times 4 =$ .............

## പൂക്കളെത്ര?

ഗണിതലാബിൽ എത്തിയ കുട്ടികൾ പൂക്കൾ നിരത്തിവെച്ചു.



ഒരു വരിയിൽ എത്ര പൂക്കൾ? ☐

എത്ര വരികൾ? ☐

ആകെ എത്ര പൂക്കൾ? ☐

6 + ....... + ....... = .............

....... × 6 = .............

## പാറ്റേൺ പൂരിപ്പിക്കാം

- 2, 4, 6, ........, ........, ........
- 3, 6, 9, ........, ........, ........
- 4, 8, 12, ........, ........, ........
- 5, 10, 15, ........, ........, ........
- 6, 12, 18, ........, ........, ........

## കൂട്ടലും ഗുണിക്കലും

പട്ടികയിലെ വിട്ടുപോയ കളങ്ങൾ പൂരിപ്പിക്കാം.

| | | |
|---|---|---|
| | മൂന്ന് 4 കൾ ചേർന്നാൽ 12 | $3 \times 4 = 12$ |
| | | $4 \times 3 = 12$ |
| 6 + 6 = 12 | | |
| | ആറ് 2 കൾ ചേർന്നാൽ 12 | |

## കണ്ടുപിടിക്കൂ

| | |
|---|---|
| ഒരു പെൻസിലിന് 2 രൂപ. 10 പെൻസിലുകൾക്ക് വില എത്ര? | $10 \times 2$ = 20 |
| ഒരു പാക്കറ്റിൽ 6 മെഴുകുതിരികളുണ്ട്. അത്തരം 4 പാക്കറ്റുകളിൽ എത്ര മെഴുകുതിരിയുണ്ടാകും? | $4 \times 6$ = .......... |
| യൂണിഫോമിന് ഒരു കുട്ടിക്ക് 3 മീറ്റർ തുണി വേണം. 5 കുട്ടികൾക്ക് എത്ര മീറ്റർ തുണി വേണം? | .......... = .......... |
| 5 രൂപ വിലയുള്ള 5 നോട്ടുബുക്കുകൾ വാങ്ങാൻ എത്ര രൂപ വേണം? | .......... = .......... |
| .......................................................................... | $3 \times 4$ = ............. |
| ഒരു പേനയുടെ വില 6 രൂപ. 6 പേനകളുടെ വില എത്ര? | .......... = .......... |






- രാമുവിന്റെ വാഴത്തോട്ടത്തിൽ ഒരു വരിയിൽ മൂന്ന് വാഴകളുണ്ട്. ആറ് വരികളിലായി എത്ര വാഴകൾ?



- ഒരു മേശക്ക് ചുറ്റും 4 കസേരകൾ ഇടാം. ഇതുപോലെ നാല് മേശക്ക് ചുറ്റുമായി എത്ര കസേരകൾ ഇടാം?



- സ്കൂളിലെ കുട്ടികൾക്ക് പാൽ നൽകാൻ ഗ്ലാസുകൾ വാങ്ങി. ആറ് ഗ്ലാസ് വീതമുള്ള 5 പെട്ടികളാണ് വാങ്ങിയത്. എങ്കിൽ ആകെ എത്ര ഗ്ലാസുകൾ?

## ക്രമം മാറിയാൽ

കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികളെ അധ്യാപകൻ മൈതാനത്ത് പരിശീലിപ്പിക്കുകയാണ്.




ആകെ എത്ര കുട്ടികൾ?

നാല് 5 കൾ

$5 + 5 + 5 + 5 =$ ...........

$4 \times 5 =$ ...........

അഞ്ച് 4 കൾ ആയാലോ

$4 + 4 + 4 + 4 + 4 =$ ...........

$5 \times 4 =$ ...........

അതായത് $4 \times 5 = 5 \times 4$

**വീണ്ടും ഒരു സംഖ്യാ കളിയാകാം...**

7 ൽ കുറവായ ഒരു ഒരക്കസംഖ്യ മനസ്സിൽ വിചാരിക്കുക, സംഖ്യയെ 3 കൊണ്ട് ഗുണിക്കുക.

കിട്ടിയ സംഖ്യയിൽ നിന്നും 1 കുറയ്ക്കുക.

വീണ്ടും 1 കുറയ്ക്കുക


3 സംഖ്യകളും കൂട്ടുക

കിട്ടിയ ഉത്തരത്തിലെ അക്കങ്ങളെല്ലാം കൂട്ടുക.

എന്തു കിട്ടി?

മറ്റ് സംഖ്യകൾ വിചാരിച്ച് ഇതേ ക്രിയകൾ ചെയ്യാമല്ലോ, ഉത്തരങ്ങളിലെ രസം എന്തെന്ന് കണ്ടെത്തു.

## പൊട്ടുകൾ എത്ര?



എത്ര വരികൾ? ☐

ഒരു വരിയിൽ എത്ര എണ്ണം? ☐

ആകെ പൊട്ടുകൾ എത്ര?

$6 + 6 + 6 + 6 + 6 =$ ...........

നിരകൾ കണക്കാക്കിയാലോ?

$5 + 5 + 5 + 5 + 5 + 5 =$ ...........

അതായത്,

$5 \times 6 = 6 \times 5$

| |
|---|
| $5 \times 6 =$ ..... × ..... = ...... |

### കൂട്ടിയാലും ഗുണിച്ചാലും

3 സംഖ്യകൾ പരസ്പരം
ഗുണിച്ചാലും കൂട്ടിയാലും
ഒരേ ഉത്തരം കിട്ടും.
സംഖ്യകൾ ഏതെല്ലാം?

### പൂരിപ്പിക്കൂ...

$5 \times 4 = 4 \times 5$

$3 \times 2 = 2 \times 3$

$4 \times 3 =$ ... × ...

... × ... = ... × ...



### ഗുണനഫലം കണ്ടുപിടിക്കാം

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി.@സ്കൂൾ ഗ്നൂലിനക്സിലെ ജികോംപ്രിസ് സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി: ജിംക്രോപ്രിസ് തുറന്ന്

കണക്ക് → കണക്ക് കൂട്ടലുകളിലേക്ക് പോകാം → കണക്കിലെ കളികൾ → ഗുണനം

## വ്യത്യസ്ത രീതികൾ

12 നെ വ്യത്യസ്ത കൂട്ടങ്ങളായി എഴുതിയത് നോക്കൂ.

| | | |
|---|---|---|
| | $2 \times 6$ | |
| $3 \times 4$ | **12** | $4 \times 3$ |
| | $6 \times 2$ | |

സജു 10 രൂപ വീതം വിലയുള്ള 5 പേനകൾ വാങ്ങി. എങ്കിൽ എത്ര 5 രൂപാ നോട്ടുകൾ സജു കടക്കാരന് നൽകണം?

10 രൂപ നോട്ടുകളായാലോ?

20 നെ ഇതുപോലെ വ്യത്യസ്ത രീതിയിൽ എഴുതാമോ?

### അപ്പുവിന്റെ മാജിക്

ഒരക്കമുള്ള ഒരു സംഖ്യ മനസ്സിൽ വിചാരിക്കുക. 2 കൊണ്ട് ഗുണിക്കുക. വീണ്ടും 5 കൊണ്ട് ഗുണിക്കുക. 10 കൂട്ടുക. ഉത്തരം പറയൂ. വിചാരിച്ച സംഖ്യ ഞാൻ പറയാം. അപ്പുവിന്റെ മാജിക് പിടികിട്ടിയോ?



### കമ്പ്യൂട്ടർ കണക്ക്

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി. സ്കൂൾ ഗ്നൂലിനക്സിലെ ജികോംപ്രിസ് സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി: ജിംക്രോപ്രിസ് തുറന്ന് കണക്ക് → കണക്ക് കൂട്ടലുകളിലേക്ക് പോകാം → കണക്ക് കൂട്ടലുകളിലേക്ക് → ഗുണിതങ്ങളെ പിടിക്കാം.

എട്ട് ഇഷ്ടികകൾ ഏതൊക്കെ രീതിയിൽ അടുക്കി വയ്ക്കാം?



## കളങ്ങൾ പൂരിപ്പിക്കാം

നിറം കൊടുക്കാത്ത കളങ്ങളിലെ സംഖ്യകളുടെ പ്രത്യേകത എന്താണ്?

ഇനി ഒഴിഞ്ഞ കളങ്ങൾ പൂർത്തിയാക്കാം.

കളങ്ങളിൽ നിന്ന് പാറ്റേണുകൾ കണ്ടെത്തി എഴുതാമോ?

| × | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| 1 | 1 | | | | | |
| 2 | | 4 | | | | |
| 3 | | | 9 | | | |
| 4 | | | | 16 | | |
| 5 | | | | | 25 | |
| 6 | | | | | | 36 |

നിറം കൊടുത്ത കളങ്ങളിൽ സംഖ്യകൾ എഴുതുക. ഈ കളങ്ങളിൽ നേരെ വരുന്ന സംഖ്യകളുടെ തുക കാണുക. എന്താണ് പ്രത്യേകത? ഇതുപോലെ മറ്റു കളങ്ങളിൽ സംഖ്യ എഴുതി തുക കണ്ടുനോക്കൂ.

| × | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| 1 | | | | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |
| 6 | | | | | | |



**കണ്ടുപിടിക്കാം**

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി.@ സ്കൂൾ ഗ്നൂലിനക്സിലെ ജികോംപ്രിസ് സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി: ജിംക്രോപ്രിസ് തുറന്ന്

കണക്ക് → കണക്ക് കൂട്ടലുകളിലേക്ക് പോകാം → ഓർമശക്തി ഉപയോഗിച്ചുള്ള കണക്കിലെ കളികൾ → ഗുണനം

## കളങ്ങൾ പൂരിപ്പിക്കാം

കളങ്ങളിൽനിന്നും 3 ന്റെ കൂട്ടങ്ങളെ എഴുതി നോക്കൂ.

$1 \times 3 = 3$

$2 \times 3 = 6$

$3 \times 3 =$ ..........

.......... = ..........

.......... = ..........

$6 \times 3 =$ ..........


4 ന്റെയും 6 ന്റെയും കൂട്ടങ്ങളെ ഇതുപോലെ എഴുതാം.

| | |
|---|---|
| $1 \times 4 =$ ....... | ........... = ....... |
| ........... = ....... | ........... = ....... |
| ........... = ....... | ........... = ....... |
| ........... = ....... | ........... = ....... |
| $6 \times 4 =$ ....... | $6 \times 6 =$ ....... |

## വഴി കണ്ടെത്താം

ചുവടെ കൊടുത്ത ഗുണനക്രിയകൾ ഉത്തരമായി ലഭിക്കുന്ന കളങ്ങളിലൂടെ കോഴിയമ്മയെ കൂട്ടിൽ എത്തിക്കാമോ?

| | | |
|---|---|---|
| $5 \times 5$ | $3 \times 2$ | $5 \times 3$ |
| $6 \times 6$ | $4 \times 3$ | $5 \times 2$ |
| $2 \times 2$ | $6 \times 3$ | $6 \times 5$ |
| $3 \times 3$ | $6 \times 2$ | $5 \times 4$ |
| $4 \times 4$ | $4 \times 2$ | $6 \times 4$ |



| | | | | |
|---|---|---|---|---|
| 25 | 36 | 17 | 14 | 11 |
| 5 | 4 | 9 | 16 | 6 |
| 21 | 31 | 13 | 22 | 12 |
| 33 | 15 | 8 | 12 | 18 |
| 24 | 10 | 30 | 20 | 24 |



## സ്കൂൾ സ്റ്റോർ

സ്കൂൾ സ്റ്റോറിലെ വിലവിവരപ്പട്ടിക നോക്കൂ.




- മനു 4 നോട്ട് ബുക്കും 4 പേനയും വാങ്ങി. ആകെ എത്ര രൂപയായി?
- മായ 5 പെൻസിലും 2 കട്ടറും വാങ്ങി. എത്ര രൂപയായി?
- റഹീം 3 പെൻസിലും 2 റബ്ബറും വാങ്ങി. ആകെ എത്ര രൂപയായി?
- ഡെന്നീസ് 2 നോട്ടു ബുക്കും 3 സ്കെയിലും വാങ്ങി. എത്ര രൂപയായി?
- സെഫിയുടെ കൈയിൽ 24 രൂപയുണ്ട്. ഈ തുക കൊണ്ട് സെഫിക്ക് ഏതൊക്കെ സാധനങ്ങൾ എത്ര വീതം വാങ്ങാം?
- ജമീല ടീച്ചർ പട്ടികയിലെ എല്ലാ സാധനങ്ങളും 4 എണ്ണം വീതം വാങ്ങി ടീച്ചർ എത്ര രൂപ നൽകണം?

പട്ടിക അടിസ്ഥാനമാക്കി കൂട്ടുകാരോട് ചോദിക്കാൻ ചോദ്യങ്ങളുണ്ടാക്കൂ.

**ഞാൻ കണ്ടെത്തിയത്**







## ഫുട്ബോൾ മത്സരം

ഫുട്ബോൾ മത്സരം കാണാൻ കൂട്ടുകാരെല്ലാം പുറപ്പെട്ടു. 4 കാറിലും 3 ഓട്ടോ റിക്ഷയിലുമായാണ് അവർ പോയത്. ഒരു കാറിൽ 5 പേരും ഓട്ടോയിൽ 3 പേരുമാണ് യാത്ര ചെയ്തത്. എത്ര പേർ മത്സരം കാണാൻ പോയി?

## വണ്ടികൾ എത്ര?



അപ്പു കളിവണ്ടി ഉണ്ടാക്കുകയാണ്. ചക്രങ്ങൾ കുപ്പിയുടെ അടപ്പുകളാണ്. ഇരുചക്രവണ്ടിയുണ്ട്, മുച്ചക്രവണ്ടിയുണ്ട്, നാലുചക്രങ്ങളുള്ള വണ്ടിയുമുണ്ട്. കൊണ്ടുവന്ന 30 അടപ്പുകളും തീർന്നു. അപ്പു ഉണ്ടാക്കിയ ഇരുചക്രവണ്ടികൾ എത്ര? മുച്ചക്രവണ്ടികളെത്ര? 4 ചക്രവണ്ടികളെത്ര?

## സ്കൂൾബസ്

സ്കൂൾബസ്സിൽ എത്ര പേരുണ്ടെന്ന് സാബു കണക്കുകൂട്ടി



"വലതുവശത്ത് 3 പേർ വീതം ഇരിക്കുന്ന 6 സീറ്റ്. ഇടതുഭാഗത്ത് 2 പേർ വീതം ഇരിക്കുന്ന 5 സീറ്റ്. ഞാനടക്കം 4 പേർ സീറ്റില്ലാത്തതിനാൽ നിൽക്കുന്നു." എത്ര പേരാണ് ബസ്സിലുള്ളത്?

അടുത്ത സ്റ്റോപ്പിൽ ബസ്സ് നിന്നപ്പോൾ 3 പേർ വീതം ഇരിക്കുന്ന 2 സീറ്റിൽ നിന്നും, 2 പേർ വീതം ഇരിക്കുന്ന 3 സീറ്റിൽ നിന്നും കുട്ടികൾ ഇറങ്ങി. ഇപ്പോൾ എത്ര പേർ ബസ്സിലുണ്ട്?



ഒരു പായ്ക്കറ്റിൽ 3 എണ്ണം വീതമുള്ള 6 പായ്ക്കറ്റ് ബിസ്ക്കറ്റുകളാണ് വാങ്ങിയത്. എങ്കിൽ ആകെ ബിസ്ക്കറ്റുകളുടെ എണ്ണം എത്ര?

ടീച്ചർ കുട്ടികളെ 4 പേർ വീതമുള്ള 5 ഗ്രൂപ്പുകളാക്കിയപ്പോൾ 1 കുട്ടി ബാക്കി വന്നു. 5 കുട്ടികൾ വീതമുള്ള 4 ഗ്രൂപ്പുകളാക്കിയപ്പോഴും 1 കുട്ടി ബാക്കി വന്നു. എങ്കിൽ കുട്ടികളുടെ എണ്ണം എത്ര?

5 ബെഞ്ചിൽ 5 കുട്ടികൾ വീതം ഇരുന്നപ്പോൾ 5 പേർ ബാക്കി. എങ്കിൽ കുട്ടികളുടെ ആകെ എണ്ണം എത്ര? 5 പേർ വീതം എല്ലാവർക്കും ഇരിക്കണമെങ്കിൽ എത്ര ബെഞ്ചുകൾ വേണം?

രാഗി 100 രൂപയുമായി കടയിൽ ചെന്നു. 6 രൂപ വിലയുള്ള 4 നോട്ടുബുക്കും 3 രൂപ വിലയുള്ള 6 പേനയും വാങ്ങി. അനുജനുവേണ്ടി 2 രൂപ വിലയുള്ള 6 പെൻസിലും 5 രൂപ വിലയുള്ള 4 നോട്ടുബുക്കും വാങ്ങി. അവൾക്ക് എത്ര രൂപ ബാക്കി കിട്ടി?

## കാറ്റാടിക്കുന്ന് യു.പി. സ്കൂൾ

കാറ്റാടിക്കുന്ന് യു.പി. സ്കൂളിൽ ഒന്നാം ക്ലാസിൽ 201 കുട്ടികളുണ്ട്.

അതിനേക്കാൾ 14 കുട്ടികൾ കുറവാണ് രണ്ടാം ക്ലാസിൽ.

മൂന്നാം ക്ലാസിൽ 186 കുട്ടികളും നാലാം ക്ലാസിൽ മൂന്നിനേക്കാൾ 18 കുട്ടികൾ കൂടുതലുമുണ്ട്.

അഞ്ചാം ക്ലാസിൽ 195 കുട്ടികളാണ് പഠിക്കുന്നത്

ഏതു ക്ലാസിലാണ് കൂടുതൽ കുട്ടികൾ പഠിക്കുന്നത്? എൽ.പി. വിഭാഗത്തിൽ ആകെ എത്ര കുട്ടികളുണ്ട്?

ഈ വിവരങ്ങൾ ഒന്നു പട്ടികപ്പെടുത്തിനോക്കൂ.

കാറ്റാടിക്കുന്ന് യു.പി. സ്കൂളിലെ ആറാം ക്ലാസിൽ 213 കുട്ടികളുണ്ട്. അതിൽ 114 പേർ പെൺകുട്ടികളാണ്.

ആറാം ക്ലാസിൽ ഉള്ളതിനേക്കാൾ 19 കുട്ടികൾ കൂടുതലാണ് ഏഴാം ക്ലാസിലുള്ളത്. അവിടെ ആൺകുട്ടികളും പെൺകുട്ടികളും തുല്യ എണ്ണമാണുള്ളത്.

ഏഴാം ക്ലാസിലുള്ളതിനേക്കാൾ 37 കുട്ടികൾ കുറവാണ് എട്ടാം ക്ലാസിലുള്ളത്. അതിൽ 105 പേർ ആൺകുട്ടികളാണ്.

യു.പി. വിഭാഗത്തിൽ ആൺകുട്ടികളാണോ പെൺകുട്ടികളാണോ കൂടുതലുള്ളത്? എത്ര കൂടുതൽ?

യു.പി. വിഭാഗത്തിൽ ആകെ എത്ര കുട്ടികളുണ്ട്?

ഈ വിവരങ്ങളെ പട്ടികപ്പെടുത്തിയാലോ?

പട്ടികയെ അടിസ്ഥാനമാക്കി കൂട്ടുകാരനോട് ചോദിക്കാനായി ചോദ്യങ്ങൾ തയാറാക്കൂ.


# 6

# നേരവും കാലവും



## അജിയുടെ ഒരു ദിവസം


അജി രാവിലെ എഴുന്നേൽക്കുന്നു. **6 മണി**




കുളിക്കുന്നു. **7 മണി**




സ്കൂളിലേക്ക് പോകുന്നു. **9 മണി**




ക്ലാസ് തുടങ്ങുന്നു. **10 മണി**




ഉച്ചഭക്ഷണം കഴിക്കുന്നു. **1 മണി**




സ്കൂൾ വിടുന്നു **4 മണി**



വീട്ടിലിരുന്നു പഠിക്കുന്നു **രാത്രി 7 മണി**



ഉറങ്ങുന്നു. **രാത്രി 9 മണി**









- ഒരു ദിവസം എന്തെല്ലാം പ്രവർത്തനങ്ങളാണ് നിങ്ങൾ ചെയ്യുന്നത്?
  - രാവിലെ എഴുന്നേൽക്കുന്നു.
  - പ്രഭാതകൃത്യങ്ങൾ ചെയ്യുന്നു.
  - പഠിക്കുന്നു.
  - പത്രം വായിക്കുന്നു.
  - ഭക്ഷണം കഴിക്കുന്നു.
  - സ്കൂളിലേക്ക് പോകുന്നു.
  - സ്കൂൾ അസംബ്ലിയിൽ പങ്കെടുക്കുന്നു.
  - പഠനപ്രവർത്തനങ്ങൾ ചെയ്യുന്നു.
  - ഉച്ചഭക്ഷണം കഴിക്കുന്നു.
  - ദേശീയഗാനം ചൊല്ലുന്നു.
  - വൈകിട്ട് കളിക്കുന്നു.
  - രാത്രി പഠിക്കുന്നു.
  - ഡയറി എഴുതുന്നു.
  - ഉറങ്ങുന്നു.





- ഒരു ദിവസം നിങ്ങളുടെ അമ്മ എന്തെല്ലാം ജോലികൾ ചെയ്യുന്നു? അമ്മയോട് ചോദിച്ച് എഴുതുമല്ലോ.
  - 
  - 
  - 
  - 








## സമയം

സ്കൂളിലേക്ക് പോകാൻ സമയമായി എന്ന് ക്ലോക്ക് നോക്കി അമ്മ നിങ്ങളോട് പറയാറില്ലേ? സ്കൂളിൽ ബെല്ലടിക്കുന്നതും ക്ലോക്ക് നോക്കിയല്ലേ? ചില സമയങ്ങളും ആ സമയങ്ങളിൽ ക്ലോക്കിലെ സൂചികളുടെ സ്ഥാനവും നോക്കൂ.



9 മണി

9 മണി 5 മിനുട്ട്

9 മണി 10 മിനുട്ട്

9 മണി 15 മിനുട്ട്

9 മണി 20 മിനുട്ട്

9 മണി 25 മിനുട്ട്

9 മണി 30 മിനുട്ട്


9 മണി 35 മിനുട്ട്


9 മണി 40 മിനുട്ട്

9 മണി 45 മിനുട്ട്

9 മണി 50 മിനുട്ട്

9 മണി 55 മിനുട്ട്





മിനുട്ട് സൂചി 12 ൽ തുടങ്ങി വീണ്ടും 12 ൽ എത്താൻ 60 മിനുട്ട് സമയം വേണം.

അതായത്, 60 മിനുട്ടാണ് 1 മണിക്കൂർ

## എന്റെ ദിവസം












ഞാൻ രാവിലെ [7 മണിക്ക്] എഴുന്നേറ്റ് [          ] മുമ്പായി പ്രഭാത കൃത്യങ്ങൾ ചെയ്ത് ചായ കുടിക്കുന്നു. [          ] കഴിഞ്ഞ് ഞാൻ സ്കൂളിലേക്ക് പോകുന്നു. രണ്ട് പിരീഡ് കഴിഞ്ഞ് ചെറിയ ഇടവേളയുണ്ട്. [          ] മുതൽ [          ] വരെ ഉച്ചഭക്ഷണസമയമാണ്. [          ] സ്കൂൾ വിട്ടാൽ [          ] മുമ്പായി ഞാൻ വീട്ടിലെത്തുന്നു. [          ] ശേഷം പാഠഭാഗങ്ങൾ വായിച്ച് [          ] ഉറങ്ങുകയും ചെയ്യുന്നു.






## സമയം എഴുതാമോ

## സൂചി വരയ്ക്കാം



10 മണി 11 മിനുട്ട്


6 മണി 20 മിനുട്ട്


2 മണി 47 മിനുട്ട്

## ഓട്ടമത്സരം


കാനനദിനത്തോട് അനുബന്ധിച്ച് കാട്ടിൽ ഓട്ടമത്സരം നടക്കുകയാണ്.



ചിന്നു മാൻ 1 മിനുട്ട് കൊണ്ടും ചിന്തു മുയൽ 2 മിനുട്ട് കൊണ്ടും ലക്ഷ്യത്തിലെത്തി. എന്നാൽ ചിഞ്ചു കുറുക്കൻ 3 മിനുട്ടും ചിണ്ടൻ കുരങ്ങ് 4 മിനുട്ടും എടുത്തു.


കൃത്യം 10 മണിക്കാണ് മത്സരം തുടങ്ങിയത്. ഇവർ ഓരോരുത്തരും ലക്ഷ്യത്തിലെത്തിയ സമയം രേഖപ്പെടുത്തൂ.

| | | |
|---|---|---|
| ചിന്നു മാൻ | - | 10 മണി 1 മിനുട്ട് |
| ചിന്തു മുയൽ | - | 10 മണി 2 മിനുട്ട് |
| ചിഞ്ചു കുറുക്കൻ | - | 10 മണി 3 മിനുട്ട് |
| ചിണ്ടൻ കുരങ്ങ് | - | 10 മണി 4 മിനുട്ട് |



ഇതിനെ നമുക്ക് ക്ലോക്കിൽ കാണിച്ചാലോ

ചിന്നു ചിന്തു ചിഞ്ചു ചിണ്ടൻ



10 മണി 1 മിനുട്ട്

## ഒരു നിമിഷം







മിനുട്ടിനേക്കാൾ കുറഞ്ഞ സമയത്തെ സൂചിപ്പിക്കാൻ **സെക്കന്റ്** ഉപയോഗിക്കുന്നു.








**വാച്ചിലെ സമയം ക്രമീകരിക്കാം**

ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ: ഐ.റ്റി. സ്കൂൾ ഗ്നൂലിനക്സിലെ ജികോംപ്രിസ് സോഫ്റ്റ് വെയർ തുറക്കുന്നതിനുള്ള വഴി: ജിംക്രോപ്രിസ് തുറന്ന്

കണ്ടുപിടിക്കാമോ → പലതരം കളികൾ → ക്ലോക്ക് പഠനം

## എത്ര മണിക്കൂർ?


- രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെ ____ മണിക്കൂർ
- രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ____ മണിക്കൂർ
- രാവിലെ 6 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ____ മണിക്കൂർ
- ഉച്ചയ്ക്ക് 12 മണി മുതൽ അർധരാത്രി 12 മണി വരെ ____ മണിക്കൂർ
- രാവിലെ 7 മണി മുതൽ അടുത്ത ദിവസം രാവിലെ 7 മണി വരെ ____ മണിക്കൂർ



## എന്റെ ദൂരവും സമയവും

അജി വീട്ടിൽ നിന്ന് 9 മണി 30 മിനുട്ടിന് പുറപ്പെട്ട് 20 മിനുട്ട് കൊണ്ട് സ്കൂളിലെത്തും.









- അജി സ്കൂളിലെത്തുന്ന സമയം എത്ര?

- നിങ്ങളുടെ കൂട്ടുകാർ ഓരോരുത്തരും വീട്ടിൽ നിന്നും സ്കൂളിൽ എത്താൻ എടുത്ത സമയവും ഇതുപോലെ പറയാമോ?

| നമ്പർ | പേര് | പുറപ്പെടുന്ന സമയം | എത്തിച്ചേരുന്ന സമയം | എടുത്ത സമയം |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

## സ്കൂൾ വാർഷികം




എങ്കിൽ ഇപ്പോൾ സമയമെത്രയാണ്?

## റെയിൽവേസ്റ്റേഷൻ




എങ്കിൽ വണ്ടി എത്ര മണിക്ക് എത്തും?

## കാർ യാത്ര




ആകെ എത്ര സമയം കാറോടി?

**ഞാൻ കണ്ടെത്തിയ വഴി**






**കൂട്ടുകാർ കണ്ടെത്തിയ വഴി**


## തീവണ്ടി യാത്ര

തിരുവനന്തപുരത്ത് നിന്ന് വേണാട് എക്സ്പ്രസ്സ് രാവിലെ 5 മണിക്ക് യാത്ര പുറപ്പെടും. ഉച്ചക്ക് 12:45 ന് ഷൊർണൂരിൽ എത്തും.



- യാത്ര ചെയ്യാനെടുക്കുന്ന സമയമെത്ര?

## ആരാദ്യം?



ഒരു ട്രെയിൻ തിരുവനന്തപുരത്ത് നിന്ന് രാവിലെ 7:30 ന് പുറപ്പെട്ട് ആലപ്പുഴ വഴി എറണാകുളത്ത് 11:35 ന് എത്തുന്നു. മറ്റൊരു ട്രെയിൻ തിരുവനന്തപുരത്തുനിന്ന് വൈകുന്നേരം 5 മണിക്ക് പുറപ്പെട്ട് കോട്ടയം വഴി രാത്രി 9:55 ന് എറണാകുളത്ത് എത്തുന്നു.

- ഓരോ ട്രെയിനും യാത്രയ്ക്ക് എത്ര സമയമെടുത്തു?
- സമയ വ്യത്യാസമെത്ര?

## യാത്രയും സമയവും

പഠനയാത്രയെക്കുറിച്ച് വിജയമ്മ ടീച്ചർ പറഞ്ഞത് ഇങ്ങനെയാണ്.

രാവിലെ 7:30 ന് യാത്ര പുറപ്പെടും. 1 മണിക്കൂർ യാത്ര ചെയ്ത് ഡാമിൽ എത്തിച്ചേരും. അവിടെയുള്ള കാഴ്ചകൾ കാണാൻ 1 മണിക്കൂർ ചെലവഴിക്കും. അവിടെ നിന്നും 30 മിനുട്ട് യാത്ര ചെയ്ത് മൃഗശാലയിൽ എത്തും. മൃഗശാല മുഴുവൻ ചുറ്റിക്കറങ്ങി കണ്ടിട്ടുള്ളതും ഇതുവരെ കാണാത്തതുമായ മൃഗങ്ങളെയും പക്ഷികളെയും കാണുന്നു. അവിടെ 2 മണിക്കൂർ ചെലവഴിച്ചതിനുശേഷം 30 മിനുട്ട് യാത്ര ചെയ്ത് ശാസ്ത്രമ്യൂസിയത്തിൽ എത്തുന്നു. അവിടത്തെ വിസ്മയകരമായ കാഴ്ചകൾ കാണാൻ 1 മണിക്കൂർ സമയമുണ്ട്. തുടർന്ന് 45 മിനുട്ട് കൊണ്ട് ഉച്ചഭക്ഷണം കഴിച്ച് അവിടെ നിന്ന് പുറപ്പെടുന്നു. 45 മിനുട്ട് യാത്ര ചെയ്ത് ചരിത്രമ്യൂസിയത്തിൽ എത്തുന്നു. അവിടെയുള്ള പുരാവസ്തുശേഖരങ്ങളും മറ്റും കാണുന്നു. ഒരു മണിക്കൂർ അവിടെ ചെലവഴിക്കുന്നു. പിന്നെ 15 മിനുട്ട് യാത്ര ചെയ്ത് കടപ്പുറത്തേക്ക്. അവിടെ നിങ്ങൾക്ക് ഓടാനും ചാടാനും ഉല്ലസിക്കാനും 2 മണിക്കൂർ. തുടർന്ന് 1 മണിക്കൂർ യാത്ര ചെയ്ത് സ്കൂളിൽ തിരിച്ചെത്തുന്നു.

- വിജയമ്മ ടീച്ചർ പറഞ്ഞത് കേട്ടല്ലോ.
  ഈ പരിപാടി ഒരു പട്ടികയിൽ എഴുതി നോക്കൂ.
- യാത്ര ചെയ്ത സമയവും വിവിധ സ്ഥലങ്ങളിൽ ചെലവഴിച്ച സമയവും പ്രത്യേകം പ്രത്യേകം പട്ടികയിൽ എഴുതിയാലോ?






## യാത്രപ്പട്ടിക

| പുറപ്പെടുന്ന സ്ഥലം, സമയം | എത്തുന്ന സ്ഥലം, സമയം | യാത്രയ്ക്ക് എടുത്ത സമയം |
|---|---|---|
| സ്കൂൾ: 7:30 | ഡാം: 8:30 | 1 മണിക്കൂർ |
| ഡാം: 9:30 | മൃഗശാല: 10:00 | |
| | | |
| | | |
| | | |
| | | |

**സന്ദർശന സമയം**

| എത്തിയ സ്ഥലം സമയം | പുറപ്പെടുന്ന സമയം | ചെലവഴിച്ച സമയം |
|---|---|---|
| ഡാം: 8:30 | 9:30 | 1 മണിക്കൂർ |
| മൃഗശാല: 10:00 | | |
| | | |
| | | |
| | | |
| | | |

- എത്ര മണിയ്ക്കാണ് ശാസ്ത്രമ്യൂസിയത്തിൽ എത്തിയത്?
- ഉച്ചഭക്ഷണം കഴിച്ചത് എത്ര മണിയ്ക്കാണ്?

പട്ടികയെ അടിസ്ഥാനമാക്കി കൂട്ടുകാരനോട് ചോദിക്കാൻ ചില ചോദ്യങ്ങളുണ്ടാക്കൂ?

## ജോലി സമയം

ഒരേ ജോലി 3 പേർ പൂർത്തിയാക്കിയ സമയം വ്യത്യസ്ത രീതിയിലാണ് പറഞ്ഞത്.




കൂടുതൽ സമയം ജോലി ചെയ്തത് ആരാണ്?

**ഞാൻ കണ്ടെത്തിയ വഴി**





**കൂട്ടുകാർ കണ്ടെത്തിയ വഴി**



| | |
|---|---|
| എന്താണ് കണ്ടെത്തേണ്ടതെന്ന് എനിക്ക് മനസ്സിലായി. | ☐ |
| മണിക്കൂർ, മിനുട്ട് ബന്ധം ഉപയോഗിച്ചു സമയം കണ്ടെത്തി. | ☐ |
| സമയം കണ്ടെത്തിയ രീതി വിശദീകരിക്കാൻ കഴിഞ്ഞു. | ☐ |

## നമുക്ക് കണ്ടെത്താം

- നിങ്ങളുടെ ജന്മദിനം ഏത് മാസമാണ്?
- വർഷത്തിലെ ആദ്യത്തെ മാസം ഏതാണ്?
- മധ്യവേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നത് ഏത് മാസം?
- ഈ വർഷം 5 ഞായറാഴ്ചകൾ ഉള്ള മാസങ്ങൾ ഏതെല്ലാം?
- ഈ വർഷത്തെ സ്വാതന്ത്ര്യദിനം ഏത് ആഴ്ചയാണ്?
- 30 ദിവസത്തിൽ കുറവുള്ള മാസം ഏതാണ്?
- 31 ദിവസങ്ങൾ ഉള്ള മാസങ്ങളുടെ എണ്ണം എത്ര?
- 30 ദിവസങ്ങൾ ഉള്ള മാസങ്ങളുടെ എണ്ണം എത്ര?
- ഈ വർഷം ആകെ എത്ര ദിവസങ്ങളുണ്ട്?




## ആഘോഷങ്ങൾ

- പട്ടികയിൽ നൽകിയ ആഘോഷങ്ങൾ ഏത് മാസത്തിലാണെന്ന് കണ്ടെത്തൂ.





| ആഘോഷം | ഇംഗ്ലീഷ് മാസം |
|---|---|
| • ഓണം | |
| • ക്രിസ്തുമസ്സ് | |
| • വിഷു | |
| • ബക്രീദ് | |
| • സ്വാതന്ത്ര്യദിനം | |
| • റിപ്പബ്ലിക് ദിനം | |
| • ഗാന്ധിജയന്തി | |
| • ശിശുദിനം | |
| • കേരളപ്പിറവി | |
| • അധ്യാപകദിനം | |
| • പരിസ്ഥിതി ദിനം | |
| • | |
| • | |
| • | |

## മലയാളമാസം




- മിന്നുവിന്റെ പിറന്നാൾ ഏതു മലയാളമാസത്തിലാണ്?
- കലണ്ടർ നോക്കി ഇംഗ്ലീഷ് മാസവും മലയാളമാസവും കണ്ടെത്തി എഴുതൂ.

| ഇംഗ്ലീഷ് മാസം |
|---|
| |
| മാർച്ച് |
| |
| |
| |
| |
| |
| |
| |
| |
| |



| മലയാള മാസം |
|---|
| ചിങ്ങം |
| |
| |
| |
| |
| |
| |
| |
| |
| |
| |
| കർക്കിടകം |



## എങ്ങനെ പറയാം

താഴെ പറയുന്നവയ്ക്ക് എടുക്കുന്ന സമയം നമുക്ക് എങ്ങനെ പറയാം.

| | |
|---|---|
| • ചെടി വളർന്ന് മരമാകുന്നു. | വർഷങ്ങൾ |
| • വേനലവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നു. | |
| • കോഴിമുട്ട വിരിഞ്ഞ് കുഞ്ഞ് ഉണ്ടാവുന്നു. | ദിവസങ്ങൾ |
| • മാമ്പൂ വിരിഞ്ഞ് കണ്ണിമാങ്ങയാകുന്നു. | |
| • കണ്ണിമാങ്ങ വളർന്ന് വലുതായി പാകമായി പഴുക്കുന്നു. | |
| • സൂര്യൻ ഉദിച്ച് വൈകിട്ട് അസ്തമിക്കുന്നു. | |
| • സ്കൂളിൽ നിന്ന് തിരിച്ച് വീട്ടിലെത്തുന്നു. | |
| • സ്കൂളിൽ പ്രാർത്ഥന ചൊല്ലുന്നു. | |
| • പ്രഭാത ഭക്ഷണം കഴിക്കുന്നു. | |
| • 1 മുതൽ 50 വരെ എണ്ണുന്നു. | |
| • തവള ഒരു ചാട്ടം ചാടുന്നു. | |

## തിരിഞ്ഞുനോക്കുമ്പോൾ




| പഠനനേട്ടങ്ങൾ | എനിക്ക് കഴിയും | ടീച്ചറുടെ സഹായത്തോടെ കഴിയും | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| **1. നൂറിനുമപ്പുറം**<br>• 999 വരെയുള്ള സംഖ്യകൾ വായിക്കുന്നു. | | | |
| • 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | | | |
| • സംഖ്യയെ സ്ഥാനവിലയ്ക്കനുസരിച്ച് പിരിച്ചെഴുതുന്നു. | | | |
| • മൂന്നക്കങ്ങളുപയോഗിച്ച് വ്യത്യസ്തമായ മൂന്നക്കസംഖ്യകൾ ഉണ്ടാക്കുന്നു. | | | |
| • മൂന്നക്കസംഖ്യകളിൽ വലുത്, ചെറുത് കണ്ടെത്തുന്നു. | | | |
| • മൂന്നക്കസംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ക്രമീകരിക്കുന്നു. | | | |
| • സ്ഥാനത്തെ സൂചിപ്പിക്കാൻ സംഖ്യകൾ ഉപയോഗിക്കുന്നു. | | | |
| • പ്രശ്നപരിഹരണത്തിന് മൂന്നക്ക സംഖ്യകൾ ഉപയോഗിക്കുന്നു. | | | |
| • സംഖ്യാക്രമങ്ങളിലെ യുക്തി വിശദീകരിക്കുകയും പുതിയ സംഖ്യാക്രമങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. | | | |
| **2. കൂട്ടിച്ചേർക്കാം**<br>• ഒരു സംഖ്യയെ വ്യത്യസ്ത സംഖ്യകളുടെ തുകയായി വ്യത്യസ്ത രീതിയിൽ എഴുതുന്നു. | | | |
| • ഒരു മൂന്നക്കസംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടുന്നതിനുള്ള രീതികൾ വിശദീകരിക്കുന്നു. | | | |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു. | | | |

| പഠനനേട്ടങ്ങൾ | എനിക്ക് കഴിയും | ടീച്ചറുടെ സഹായത്തോടെ കഴിയും | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • പ്രശ്ന പരിഹരണത്തിന്റെ വ്യത്യസ്ത രീതികൾ വിശദീകരിക്കുന്നു. | | | |
| • സംഖ്യകളുടെ പ്രത്യേകതകൾ പരിശോധിച്ച് സംഖ്യാബന്ധങ്ങളെ സംബന്ധിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. | | | |
| • സംഖ്യാക്രമങ്ങളുടെ യുക്തി വിശദീകരിക്കുന്നു. | | | |
| **3. എടുത്തുമാറ്റാം**<br><br>• ഒരു സംഖ്യയിൽ നിന്ന് മറ്റൊരു സംഖ്യ കുറയ്ക്കുന്നതിനുള്ള രീതികൾ വിശദീകരിക്കുന്നു. | | | |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവകലന ക്രിയ ഉപയോഗിക്കുന്നു. | | | |
| • പ്രശ്ന പരിഹരണത്തിന്റെ വ്യത്യസ്ത രീതികൾ വിശദീകരിക്കുന്നു. | | | |
| • വ്യവകലന ക്രിയകളുടെ ഉത്തരം ശരിയാണോ എന്ന് പരിശോധിക്കുന്നതിനുള്ള രീതി സമർത്ഥിക്കുന്നു. | | | |
| • സംഖ്യകളുടെ പ്രത്യേകതകൾ സംബന്ധിച്ച് നിഗമനങ്ങൾ രൂപീകരിക്കുന്നു. | | | |
| • സംഖ്യാക്രമങ്ങളുടെ യുക്തി വിശദീകരിക്കുന്നു. | | | |
| **4. രൂപങ്ങൾ ചേരുമ്പോൾ**<br><br>• ചുറ്റുപാടുമുള്ള രൂപങ്ങളിൽ നിന്നും ചതുരം, ത്രികോണം, വട്ടം ഇവ തിരിച്ചറിയുന്നു. | | | |
| • ചതുരം, ത്രികോണം, വട്ടം ഇവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു. | | | |
| • ടാൻഗ്രാം കഷ്ണങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ ഉണ്ടാക്കുന്നു. | | | |
| • ത്രിമാന രൂപങ്ങൾ ഉണ്ടാക്കുന്നു. | | | |
| • സൂക്ഷ്മതയോടെയും കൃത്യതയോടെയും അളവുകൾ എടുക്കുന്നു. | | | |

| പഠനനേട്ടങ്ങൾ | എനിക്ക് കഴിയും | ടീച്ചറുടെ സഹായത്തോടെ കഴിയും | ഇനിയും മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| **5. ഒരുപോലുള്ളവർ ചേരുമ്പോൾ**<br>• പ്രായോഗിക സന്ദർഭങ്ങളിലൂടെ ഗുണനവസ്തുതകൾ രൂപീകരിക്കുന്നു. | | | |
| • പ്രായോഗിക സന്ദർഭങ്ങളിൽ പ്രശ്ന പരിഹരണത്തിന് ഗുണനവസ്തുതകൾ ഉപയോഗിക്കുന്നു. | | | |
| • പ്രായോഗിക പ്രശ്നങ്ങളുടെ പരിഹരണത്തിന് ഗുണനക്രിയ ഉപയോഗിക്കുന്നു. | | | |
| • ഗുണനക്രിയയുമായി ബന്ധപ്പെട്ട സംഖ്യാബന്ധങ്ങൾ കണ്ടെത്തി വിശദീകരിക്കുന്നു. | | | |
| **6. നേരവും കാലവും**<br>• വാച്ച്/ക്ലോക്ക് നോക്കി സമയം പറയുന്നു. | | | |
| • നിശ്ചിത സമയങ്ങൾക്കിടയിലുള്ള സമയ ദൈർഘ്യം കണക്കാക്കുന്നു. | | | |
| • മണിക്കൂർ, മിനുട്ട് ഇവയുടെ പരസ്പരബന്ധം വിശദീകരിക്കുന്നു. | | | |
| • ആസൂത്രണം ചെയ്യുന്നതിന് ടൈം ടേബിൾ നിർമിക്കുന്നു. | | | |
| • കലണ്ടർ നോക്കി ഇംഗ്ലീഷ്, മലയാളം മാസങ്ങളിലെ തീയതികൾ, വിശേഷ ദിവസങ്ങൾ എന്നിവ കണ്ടെത്തുന്നു. | | | |